# പുതിയനിയമ പഠനസഹായി

റ്റി. കെ. ഏബ്രഹാം

ഗ്രെയ്സ് ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്
ന്യൂ ടെസ്റ്റമെന്റ് കമന്ററി
പി.ബി. നമ്പർ 8, ഏറ്റുമാനൂർ- 686 631, കേരള, ഇന്ത്യ

# ആമുഖം

മനുഷ്യജീവിതത്തോടു ബന്ധമുള്ള അമൂല്യ ആത്മീയ സത്യങ്ങൾ വെളിപ്പെടുത്തുന്ന ഗ്രന്ഥമാകുന്നു പുതിയനിയമം. യേശുക്രിസ്തുവിൽ അധിഷ്ഠിതമായ രക്ഷാമാർഗ്ഗം അതു വെളിപ്പെടുത്തുന്നു. ക്രിസ്തുമാർഗ്ഗം ഉപദേശിക്കുന്ന ആത്മീയവും സാന്മാർഗ്ഗികവും ധാർമ്മികവും ചരിത്രപരവുമായ സത്യങ്ങൾ ഗ്രഹിക്കുവാൻ പുതിയനിയമം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ആവശ്യം ആകുന്നു. മാറ്റങ്ങൾകൊണ്ടു നിറഞ്ഞ ലോകത്തിൽ പുതിയ നിയമ സത്യങ്ങൾ മാറാത്ത സത്യങ്ങളായി പ്രശോഭിക്കുന്നു. സത്യാന്വേഷികൾ ക്കുള്ള ഉത്തരം അതിൽ കണ്ടെത്താവുന്നതാണ്. സത്യത്തിനു സാക്ഷി നിൽ ക്കുവാൻ വന്ന ക്രിസ്തുവാണ് പുതിയനിയമത്തിലെ കേന്ദ്രവിഷയം. സത്യത്തിന്റെ പരിജ്ഞാനം ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ ദിവ്യഗ്രന്ഥം പഠിക്കണം.

ജി.ബി.സി.സിയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചവരുടെ ഉപരി പഠനാർത്ഥം തയ്യാറാക്കിയിട്ടുള്ളതാണ് 'പുതിയനിയമ പഠനസഹായി' എന്ന കമന്ററി. അടിസ്ഥാന ഉപദേശസത്യങ്ങൾക്കും പ്രായോഗിക ജീവിത ഉപദേശങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു ഗ്രന്ഥമാകുന്നു ഇത്. ലളിതമായ ഭാഷയിൽ ഈ കമന്ററി എഴുതുവാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ട്. പുതുതായി രക്ഷിക്കപ്പെട്ട വിശ്വാസികളുടെ ആത്മീയ അഭിവൃദ്ധിയെ ലക്ഷ്യമാക്കിയാണ് ഇത് രചിച്ചിട്ടുള്ളത്. ഗ്രന്ഥരചനയ്ക്കു മലയാളഭാഷയിലും ഇംഗ്ലീഷിലുമുള്ള അനേകം വിലപ്പെട്ട ഗ്രന്ഥങ്ങൾ സഹായകരമായി തീർന്നിട്ടുണ്ട്. അനേക വർഷത്തെ വചനപഠനവും ഈ ഗ്രന്ഥം രചിക്കുവാൻ എനിക്കു പ്രേരണ നൽകി. ഈ ഗ്രന്ഥം വായനക്കാർക്ക് ആത്മീയ അഭിവൃദ്ധിക്കു കാരണമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പാഠങ്ങൾ വായിക്കുന്നതിനു മുൻപ് ഓരോ അദ്ധ്യായവും വായിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

ഈ ഗ്രന്ഥത്തിന്റെ പ്രൂഫു നോക്കി സഹായിച്ച സഹോദരൻ ജോൺസൺ കുളങ്ങരയോടും, ഇതിന്റെ അച്ചടി സംബന്ധമായ ഉത്തരവാദി ത്വങ്ങൾ വഹിച്ച എബനേസർ പ്രിന്റേഴ്സിനോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

അല്പമാം ഉപകരണംകൊണ്ടു മഹത്തായ വേലകൾ ചെയ്യുന്ന കർത്താവ് ഈ പഠനസഹായി മുഖാന്തരം അനേകർക്ക് മാർഗ്ഗദീപവും അനുഗ്രഹങ്ങളും പ്രദാനംചെയ്യട്ടെ എന്നുള്ള പ്രാർത്ഥനയോടെ ഈ ഗ്രന്ഥം കർത്തൃപാദത്തിൽ സമർപ്പിച്ചുകൊള്ളുന്നു.

ക്രിസ്തുവിൽ സഹോദരൻ,
**റ്റി. കെ. ഏബ്രഹാം**

# അവതാരിക

"ആരും ബൈബിൾ വായിക്കരുത്"- പ്രസിദ്ധനായൊരു ക്രൈസ്തവനേതാവിന്റെ വാക്കുകളാണ് ഇതെന്നറിയുമ്പോൾ നമ്മുടെ ഞെട്ടലിന് ആക്കം കൂടും. പക്ഷെ ബാക്കി കൂടെ കേൾക്കൂ - "ബൈബിൾ വായിച്ചു മാറ്റിവെക്കാനുള്ള ഗ്രന്ഥമല്ല പഠിച്ച് ഹൃദിസ്ഥമാക്കാനുള്ള ദൈവവചനമാണ്."

"ഞാൻ വരുവോളം വായന, പ്രബോധനം, ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക" എന്നു സുവിശേഷകനായ തിമൊഥെയൊസിനോട് പിതൃസ്ഥാനീയനായ പൗലൊസ് ഓർമ്മിപ്പിക്കുന്നു. ഈ വായന, പ്രബോധനത്തിനും ഉപദേശത്തിനും വേണ്ടിയുള്ളതാണ്. വെറുതെ ഒരു ദിനചര്യയായി വായിക്കുക എന്ന അർത്ഥത്തിലല്ല. വചനം നിരന്തരം വായിക്കുന്നവർക്കു മാത്രമേ അതിലെ ആത്മീയ സത്യങ്ങൾ വെളിപ്പെട്ടു കിട്ടുകയുള്ളൂ. അപ്പോൾ മാത്രമേ മറ്റുള്ളവരെ പ്രബോധിപ്പിക്കാനും ഉപദേശിക്കാനും കഴിയൂ.

"എസ്രാപുരോഹിതൻ പുരുഷന്മാരും സ്ത്രീകളും കേട്ടു ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരുമായ സഭയുടെ മുമ്പാകെ ന്യായപ്രമാണം കൊണ്ടുവന്നു. നീർവ്വാതി ലിനെതിരെയുള്ള വിശാല സ്ഥലത്തുവെച്ച് രാവിലെ തുടങ്ങി ഉച്ചവരെ പുരുഷന്മാരും സ്ത്രീകളും ഗ്രഹിക്കാൻ പ്രാപ്തിയുള്ള എല്ലാവരും കേൾക്കെ ന്യായപ്രമാണപുസ്തകം വായിച്ചു. സർവ്വജനവും ശ്രദ്ധിച്ചു കേട്ടു... ജനം താന്താന്റെ നിലയിൽ തന്നെ നിന്നി രിക്കെ യേശുവ, ബാനി... എന്നിവരും ലേവ്യരും ജനത്തിന് ന്യായപ്രമാണത്തെ പൊരുൾ തിരിച്ചു കൊടുത്തു. ഇങ്ങനെ അവർ ദൈവത്തിന്റെ ന്യായപ്രമാണപുസ്തകം തെളിവായി വായിച്ചു കേൾപ്പിക്കുകയും വായിച്ചതു ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞുകൊടുക്കുകയും ചെയ്തു" (നെഹെ. 8:2, 3, 7, 8).

"ഒരുത്തൻ പൊരുൾ തിരിച്ചു തരാതിരുന്നാൽ എങ്ങനെ ഗ്രഹിക്കും?" എന്ന എത്യോപ്യ രാജ്ഞിയുടെ ഷണ്ഡന്റെ ചോദ്യം ഇവിടെ ചിന്തനീയമാണ്. പിസിദ്യാ ദേശത്തിലെ അന്ത്യൊക്ക്യയിൽ പള്ളിയിൽ വെച്ച് കർത്താവിന്റെ ക്രൂശുമരണത്തെ പരാമർശിച്ച് പ്രസംഗിക്കുന്ന പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ അന്നത്തെ യെഹൂദന്മാർക്കു പറ്റിയ പരാജയത്തിന്റെ കാരണം വ്യക്തമാണ്. "യെരൂശലേം നിവാസികളും അവരുടെ പ്രമാണികളും അവനെയോ ശബ്ബത്തുതോറും വായിച്ചു വരുന്ന പ്രവാചകന്മാരുടെ വചനങ്ങളെയോ തിരിച്ചറിയാതെ അവനെ ശിക്ഷയ്ക്കു വിധിച്ചു" (പ്രവൃ. 13:27).

ശബ്ബത്തിൽ നസറെത്തിലെ പള്ളിയിൽ ചെന്ന് യെശയ്യാ പ്രവാചകന്റെ പുസ്തക ത്തിലെ ഒരു ഭാഗം വായിച്ച കർത്താവ് ഇങ്ങനെ പൊരുൾ തിരിച്ചുകൊടുത്തു: "ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവൃത്തി വന്നിരി

ക്കുന്നു" (ലൂക്കൊ. 4:21). തുടർന്നുണ്ടായ സംഭവവികാസങ്ങൾ നമുക്ക് അറിവുള്ളതാണല്ലോ.

വചനം ലിഖിതരൂപത്തിൽ ലഭ്യമായ കാലം മുതലേ തന്നെ അത് വായിച്ചു കേൾപ്പിക്കുകയും പൊരുൾ തിരിച്ചു കൊടുക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. അതു ശരിയായി പഠിച്ചു മനസ്സിലാക്കാത്തതിനാൽ ഉണ്ടായ തിക്താനുഭവങ്ങളെ കുറിച്ചും നാം വായിച്ചു. ഫലകരമായ ക്രിസ്തീയ ജീവിതത്തിനും ദൈവസാമീപ്യം അനുഭവിച്ചറിയുന്നതിനും വചനപഠനം അത്യന്താപേക്ഷിതമാണ്.

സമയം വിലപ്പെട്ടതാണ്. ഇന്നത്തേതിൽനിന്ന് അല്പം നാളത്തേക്ക് മാറ്റിവെക്കാനോ നാളത്തേതിൽനിന്ന് അഡ്വാൻസായി ഇന്നേക്ക് അല്പം എടുക്കാനോ, വായ്പ വാങ്ങാനോ വായ്പ കൊടുക്കാനോ കഴിയാത്ത അമൂല്യ സ്വത്താണ് സമയം. കാളവണ്ടിക്കു പകരം കാറും പ്ലെയിനും, അരകല്ലിന്റെ സ്ഥാനത്ത് ഗ്രൈന്ററും മിക്സിയും, അലക്കുകല്ലിനോട് മല്ലടിച്ചവർക്ക് വാഷിങ് മെഷിനും, അഞ്ചലോട്ടക്കാരന്റെ ഡ്യൂട്ടി ഈമെയിലും ഇന്റർനെറ്റും മൊബൈലും ഏറ്റെടുത്തിട്ടും പക്ഷെ മനുഷ്യന് ഒന്നിനും സമയമില്ല. തിരക്കോട് തിരക്കാണവന്. വീണുകിട്ടുന്ന ഇടവേളകൾ വേണ്ടവിധം പ്രയോജനപ്പെടുത്താനും സാധിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ആണ് ബ്ര. റ്റി. കെ. ഏബ്രഹാമിന്റെ 'പുതിയനിയമ പഠനസഹായി' എന്ന ഗ്രന്ഥം വിലപ്പെട്ടതായി തീരുന്നത്. ബൈബിൾ സ്കൂളിലോ സെമിനാരിയിലോ പോയി പഠിക്കാൻ കഴിയാത്തവർക്ക് ബൈബിളിനെപ്പറ്റി ഒരു സാമാന്യജ്ഞാനം ആർജ്ജിക്കുവാൻ ഈ പുസ്തകം സഹായകമായിരിക്കും. ബൈബിൾ കയ്യിലെടുത്താൽ ഉറക്കം വരുന്നത് വായിക്കുന്നത് മനസ്സിലാവുന്നില്ല എന്നതിന്റെ സൂചന കൂടിയാണ്. ഒരു പുസ്തകം മനസ്സിലാക്കി വായിക്കുമ്പോൾ മനസ്സുണർന്നിരിക്കും.

പുതിയനിയമം - 27 പുസ്തകങ്ങളും - വളരെ ലളിതമായി പൊരുൾ തിരിച്ചു തരികയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നത്. ഓരോ പുസ്തകത്തിനും മുഖവുര, ചരിത്രപശ്ചാത്തലം, ലക്ഷ്യം, വിഷയവിഭജനം ഇവ കൊടുത്തിരിക്കുന്നു. നാലോ അഞ്ചോ വാക്കുകളിലൊതുങ്ങുന്ന വാചകങ്ങൾ, ലളിതമായ ഭാഷ, ഏതു സാധാരണക്കാരനും പരാശ്രയമില്ലാതെ വായിച്ചു മനസ്സിലാക്കാവുന്ന അവതരണശൈലി. അദ്ധ്യായങ്ങൾ, സംഭവങ്ങൾ, വിഷയങ്ങൾ, വ്യക്തികൾ എന്നിങ്ങനെ തരംതിരിച്ചുള്ള പഠനരീതി നവാഗതർക്കു മാത്രമല്ല സഭാശുശ്രൂഷകന്മാർക്കും പ്രയോജനപ്പെടും.

പ്രവചനവിഷയവീക്ഷണങ്ങളിൽ വ്യക്തിപരമായി ചില വിയോജിപ്പുകൾ ഉണ്ടെങ്കിലും തന്റെ ദീർഘവർഷങ്ങളിലെ കഠിനാദ്ധ്വാനവും പ്രാർത്ഥനയും ഏറെക്കുറെ ഫലവത്തായിട്ടുണ്ട്. കുമ്പനാട് ബൈബിൾ സ്കൂളിന്റെ പ്രാരംഭകാല പ്രവർത്തകരിൽ മുൻനിരക്കാരൻ, സുവിശേഷകൻ, വേദാദ്ധ്യാപകൻ, ഗ്രന്ഥരചയിതാവ്, പരിഭാഷകൻ എന്നീ നിലകളിൽ കഴിഞ്ഞ തലമുറയിൽ പ്രശസ്തനായിരുന്ന ബ്ര. റ്റി. എ. കുര്യന്റെ മകനായ റ്റി. കെ. ഏബ്രഹാം ഭക്തിമാർഗ്ഗത്തിൽ പിതാവിന്റെ പാത തന്നെ പിന്തുടരാനാണാഗ്രഹിക്കുന്നത്. ബൈബിൾ സ്കൂൾ അദ്ധ്യാപകൻ എന്ന നിലയിൽ ബ്ര. റ്റി. കെ. യുടെ ശിഷ്യനായിരിക്കാനും എനിക്കവസരം കൈവന്നിട്ടുണ്ട്. കേരളത്തിൽ അറിയപ്പെടുന്ന പല ബൈബിൾ കറസ്പോണ്ടൻസ് കോഴ്സുകളുടെയും ടെക്സ്റ്റ് ബുക്കുകൾ ഇദ്ദേഹത്തിന്റെ രചനകളാണ്. ഈ കോഴ്സുകളിലൂടെ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചവരും നിരവധിയാണ്.

അതിനാൽ ഈ 'പുതിയനിയമ പഠനസഹായി'യും അനേകർക്ക് ആത്മികാഭിവൃദ്ധിക്കും അനുഗ്രഹങ്ങൾക്കും വഴിയൊരുക്കും എന്ന ദൃഢവിശ്വാസത്തോടെ, ഇനിയും ഇത്തരം രചനകൾ തന്റെ തൂലികത്തുമ്പിൽനിന്നുരുത്തിരിയട്ടെയെന്ന പ്രാർത്ഥനയോടെ ഈ കൃതി സജ്ജനസമക്ഷം സസന്തോഷം അവതരിപ്പിക്കുന്നു.

അങ്കമാലി
24-10-06

**ജോൺസൺ കുളങ്ങര** (Evng.)

# മുഖവുര

ബൈബിൾ ദൈവവചനമാകുന്നു. ദിവ്യസത്യങ്ങളുടെ സമാഹാരമാണിത്. അതു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ആത്മസന്തോഷവും സമാധാനവും പ്രത്യാശയും ഉള്ളവർ ആകും. ദൈവം ആരാണെന്നും മനുഷ്യനും ദൈവവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ബൈ ബിൾ വ്യക്തമാക്കുന്നു. അതിലെ കേന്ദ്രബിന്ദു ക്രിസ്തുവാണ്. മാറ്റങ്ങൾ കൊണ്ടു നിറഞ്ഞ ലോകത്തിൽ മാറാത്ത സത്യമായി ബൈബിൾ ഇരിക്കുന്നു. ഈ ദിവ്യഗ്രന്ഥത്തിൽ ദൈവത്തിന്റെ മനസ്സ്, മനുഷ്യസ്ഥിതി, രക്ഷയ്ക്കുള്ള മാർഗ്ഗം, പാപിയുടെ നാശം, വിശ്വാസികളുടെ സൗഭാഗ്യം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലെ ഉപദേശങ്ങൾ വിശുദ്ധമാണ്, പ്രമാണങ്ങൾ ലളിതമാണ്, ചരിത്രം സത്യമാണ്. ബൈബിൾ ഒരു ദിവ്യലൈബ്രറി ആകുന്നു. ഇതിൽ 66 പുസ്തകങ്ങളുണ്ട്. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളും അടങ്ങിയിരിക്കുന്നു. നാല്പതോളം എഴുത്തുകാർ 1600 വർഷങ്ങൾകൊണ്ട് രചിച്ചിട്ടുള്ളതാണ് ബൈബിൾ. അതിലെ ആലോചനകൾ മനുഷ്യന്റെ ബുദ്ധിമൂശയിൽ രൂപംകൊണ്ടതല്ല. ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ട് രചിച്ചിട്ടുള്ള തത്രെ. ആത്മരക്ഷയ്ക്കും വിശുദ്ധജീവിതത്തിനും ശക്തി നൽകുന്ന ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അനുസരിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ ആകുന്നു.

### പഴയ നിയമം

ക്രിസ്തുവിനുമുമ്പുള്ള ഏകദേശം നാലായിരം വർഷങ്ങളിലെ മാനവചരിത്രമാണ് 39 പുസ്തകങ്ങൾ അടങ്ങിയ പഴയനിയമം. ദൈവം സകലവും സൃഷ്ടിച്ചു എന്ന സത്യം ബൈബിൾ വെളിപ്പെടുത്തുന്നു. ഈ ഭൂമിയിൽ

ജാതികൾ, വംശങ്ങൾ, രാജ്യങ്ങൾ, സംസ്കാരങ്ങൾ, പരിഷ്കാരങ്ങൾ എന്നിവയെല്ലാം എങ്ങനെയുണ്ടായി എന്ന് പഴയനിയമത്തിൽ കാണാം. മനുഷ്യനോട് എങ്ങനെ ദൈവം ബന്ധപ്പെടാൻ ആഗ്രഹിക്കുന്നു എന്നറിയുവാൻ ബൈബിൾ പഠിക്കണം. ദൈവത്തിന്റെ കല്പനകൾ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം അവന്റെ സ്വഭാവം മനുഷ്യനു വരച്ചുകാണിക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്ത വ്യക്തികൾക്കും രാജ്യങ്ങൾ ക്കും ഉണ്ടായ അനുഗ്രഹങ്ങൾ ബൈബിളിൽ കാണാം. അതുപോലെ തന്നെ അവനെ നിരാകരിച്ചവർക്ക് ഉണ്ടായ ന്യായവിധിയും ബൈബിൾ വെളിപ്പെടു ത്തുന്നു. പഴയനിയമത്തെ, ന്യായപ്രമാണം, പ്രവാചകപുസ്തകങ്ങൾ, സങ്കീർ ത്തനങ്ങൾ എന്നിങ്ങനെയാണ് ക്രിസ്തു വിഭജിച്ചിട്ടുള്ളത് (ലൂക്കൊ. 24:44). നമ്മുടെ പഠനത്തിനു സഹായകരമായി ബൈബിളിനെ എട്ടായി വിഭജിക്കാം.

### 1. ന്യായപ്രമാണ പുസ്തകങ്ങൾ

ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള അഞ്ചു പുസ്തകങ്ങൾ; പഞ്ചഗ്രന്ഥങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു. മോശെയാണ് ഗ്രന്ഥകാരൻ. ഉല്പത്തി സകലത്തിന്റെയും ആരംഭം വിവരിക്കുന്നു. യെഹൂദാജാതിയുടെ ആരംഭം നാം ഉല്പത്തിയിൽ കാണുന്നുണ്ട്. അവർ ഈജിപ്റ്റിൽ അടിമകളായി കഴിയേണ്ടിവന്നു. ദൈവം അവരെ അടിമത്തത്തിൽനിന്നും വിടുവിക്കുന്ന ചരിത്രമത്രെ പുറപ്പാടുപുസ്തകം. അവർ ദൈവത്തെ ആരാധിക്കുവാനും സേവിക്കുവാനും ആവശ്യമായ കല്പനകൾ ലേവ്യാപുസ്തകം നൽകുന്നു. സംഖ്യാപുസ്തകം യിസ്രായേലിന്റെ മരുപ്രയാണ ചരിത്രമാണ്. ആവർത്തനപുസ്തകത്തിൽ മോശെയുടെ അന്ത്യവാക്കുകൾ കാണാം. ദൈവം യിസ്രായേലിനെ വിടുവിക്കുകയും പരിപാലിക്കുകയും ചെയ്ത വിധങ്ങൾ വിവരിച്ചശേഷം അവരെ പുനഃപ്രതിഷ്ഠയ്ക്ക് ആഹ്വാനം ചെയ്യുന്നു.

### 2. ചരിത്ര പുസ്തകങ്ങൾ

യോശുവ മുതൽ എസ്ഥേർ വരെയുള്ള പുസ്തകങ്ങൾ യിസ്രായേൽ കനാൻദേശം കൈവശപ്പെടുത്തുന്നതും തുടർന്ന് ന്യായാധിപന്മാരും രാജാക്കന്മാരും അവരെ ഭരിക്കുന്നതുമായ ചരിത്രവിവരണം ആകുന്നു. അവർ ദൈവകല്പനകൾ അനുസരിക്കാഞ്ഞതിനാൽ പ്രവാസത്തിലേക്ക് പോകേണ്ടിവന്നു. അനുതപിച്ച് ദൈവത്തിങ്കലേക്ക് ജനം മടങ്ങിവരികയും എസ്രാ, നെഹെമ്യാവ് എന്നിവരുടെ നേതൃത്വത്തിൽ കനാൻദേശത്തേക്ക് മടങ്ങിവരികയും ചെയ്തു.

### 3. കാവ്യ പുസ്തകങ്ങൾ

ഇയ്യോബ് മുതൽ ഉത്തമഗീതം വരെയുള്ള അഞ്ചു പുസ്തകങ്ങൾ കവിതകളാണ്. സങ്കീർത്തനങ്ങളിൽ പകുതിയോളം ദാവീദ് രചിച്ചതാണ്. കഷ്ടതകളിൽ സഹിഷ്ണുത ഉള്ളവരാകണം എന്ന പാഠം ഇയ്യോബിൽ കാണാം. സങ്കീർത്തനങ്ങൾ യിസ്രായേലിന്റെ സ്തുതിഗീതങ്ങളാണ്. ഉത്തമ ഗീതത്തിൽ നിഷ്കളങ്കസ്നേഹത്തിന്റെ ചിത്രം കാണാം. സദൃശവാക്യങ്ങളും സഭാപ്രസംഗിയും വിജ്ഞാനഗ്രന്ഥങ്ങൾ ആകുന്നു. ഉത്തമഗീതം, സദൃശവാക്യങ്ങൾ, സഭാപ്രസംഗി എന്നിവ ശലോമോൻ രചിച്ചുവെന്ന് കരുതപ്പെടുന്നു.

### 4. പ്രവചന പുസ്തകങ്ങൾ

യെശയ്യാവ് മുതൽ മലാഖി വരെയുള്ള പുസ്തകങ്ങളാണ് അവ. അവയെ വലിയ പ്രവാചകന്മാർ, ചെറിയ പ്രവാചകന്മാർ എന്നിങ്ങനെ രണ്ടായി വിഭജിക്കാം. ഇവ പ്രവാചകന്മാരുടെ വലിപ്പച്ചെറുപ്പത്തെയല്ല കാണിക്കുന്നത്. പ്രത്യുത അവർ എഴുതിയ പുസ്തകങ്ങളുടെ വലിപ്പച്ചെറുപ്പത്തെ കുറിക്കുന്നു. ചെറിയ പ്രവാചകരുടെ പുസ്തകങ്ങൾ ഹോശേയ മുതൽ മലാഖി വരെയാണ്. ദൈവം പ്രവാചകരിലൂടെയാണ് അരുളിച്ചെയ്തിരുന്നത്. ആ ആലോചനകൾ ഇക്കാലത്തും പ്രസക്തമാണ്. “മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട്, നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു” (റോമർ 15:4).

### 5. സുവിശേഷങ്ങൾ

മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു പുസ്തകങ്ങൾ ആണിവ. ക്രിസ്തുവിന്റെ ജീവചരിത്രം സംക്ഷിപ്തമായി സുവിശേഷങ്ങളിൽ കാണാം. ക്രിസ്തുവിന്റെ ജനനം, ജീവിതം, പരസ്യശുശ്രൂഷ, മരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം എന്നീ വസ്തുതകൾ സുവിശേഷങ്ങളിൽ കാണാം.

### 6. അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ

ഇത് ആദിമസഭയുടെ ചരിത്രമാകുന്നു. ക്രിസ്തുവിന്റെ ജീവിതത്തെയും സഭയുടെ വളർച്ചയെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായി ഈ പുസ്തകമിരിക്കുന്നു. ലേഖനങ്ങൾ മനസ്സിലാക്കുവാൻ ഈ പുസ്തകപഠനം ഒഴിച്ചുകൂടാത്തതാണ്. പെന്തക്കൊസ്തിൽ സഭ ആരംഭിച്ച് റോമിൽ പൗലൊസ് തടവുകാരനാകുന്നതുവരെയുള്ള ചരിത്രമാണ് അപ്പൊസ്തല പ്രവൃത്തികൾ.

### 7. ലേഖനങ്ങൾ

റോമർ മുതൽ യൂദാ വരെയുള്ള 21 പുസ്തകങ്ങളാണിവ. ഉപദേശഗ്രന്ഥങ്ങൾ എന്നും ഇവ അറിയപ്പെടുന്നു.

ലേഖനങ്ങൾ ക്രിസ്തീയ ജീവിത ത്തിന് ആവശ്യമായ ഉപദേശങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും നൽകുന്നു. പതിമൂന്നോളം ലേഖനങ്ങൾ പൗലൊസിന്റേതാണ്.

### 8. വെളിപ്പാട് പുസ്തകം

പുതിയനിയമത്തിലെ പ്രവചനപുസ്തകം ആകുന്നു ഇത്. ക്രിസ്തുവിനെ മഹത്വസമ്പൂർണ്ണനായി ഇവിടെ കാണാം. വിശ്വാസികൾക്ക് മുന്നറിയിപ്പും പ്രത്യാശയും നൽകുന്ന ഗ്രന്ഥമാണിത്. ദൈവത്തിന്റെ സർവ്വാധികാരം, ക്രിസ്തുവിന്റെ തിരിച്ചുവരവ്, ലോകത്തിനുണ്ടാകുവാൻ പോകുന്ന ന്യായവിധി, ദൈവജനം വിശ്വസ്തരാകുവാനുള്ള ആഹ്വാനം, അവരുടെ ഭാഗ്യകരമായ പ്രത്യാശ എന്നീ വിഷയങ്ങൾ വെളിപ്പാടുപുസ്തകത്തിൽ കാണാം.

### ബൈബിളിലെ കേന്ദ്രവിഷയം

ബൈബിളിലെ കേന്ദ്രബിന്ദു ക്രിസ്തുവാകുന്നു. പഴയനിയമം വരുവാനുള്ള നന്മകളുടെ നിഴൽ മാത്രമാണ്. ക്രിസ്തുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പഴയനിയമത്തിൽ കാണാം. ക്രിസ്തുവിന്റെ പ്രതിരൂപങ്ങൾ പഴയനിയമത്തിൽ ധാരാളമായിട്ടുണ്ട്. ക്രിസ്തു ഈ സത്യം യെഹൂദമതഭക്തന്മാരോടു പ്രസ്താവിച്ചതായി കാണാം. “നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവനുണ്ട് എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു” (യോഹ. 5:39). അതുപോലെ തന്നെ ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ അരുമശിഷ്യന്മാരോട് അരുളിച്ചെയ്തതും ശ്രദ്ധേയമത്രെ: “മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു” (ലൂക്കൊ. 24:27,44).

### ക്രിസ്തു ബൈബിളിലെ പുസ്തകങ്ങളിൽ

1. ഉല്പത്തിയിൽ അവൻ സ്ത്രീയുടെ സന്തതിയാണ് (3:15).
2. പുറപ്പാടിൽ അവൻ പെസഹ കുഞ്ഞാടാണ് (12:1–14).
3. ലേവ്യാപുസ്തകത്തിൽ അവൻ പ്രായശ്ചിത്തയാഗമാണ് (17:11).
4. സംഖ്യാപുസ്തകത്തിൽ അവൻ താമ്രസർപ്പമാണ് (21:8,9).
5. ആവർത്തനപുസ്തകത്തിൽ അവൻ വാഗ്ദത്തം ചെയ്യപ്പെട്ട പ്രവാചകനാണ് (18:15).
6. യോശുവയിൽ അവൻ യഹോവയുടെ സൈന്യത്തലവനാകുന്നു (5:13–15).
7. ന്യായാധിപന്മാരിൽ അവൻ നമ്മുടെ രക്ഷകൻ.
8. രൂത്തിൽ അവൻ വീണ്ടെടുപ്പുകാരൻ.
9. 1, 2 ശമൂവേൽ, 1, 2 രാജാക്കന്മാർ, 1, 2 ദിനവൃത്താന്തങ്ങളിൽ അവൻ വാഗ്ദത്തരാജാവാണ്.
10. എസ്രാ, നെഹെമ്യാവിൽ അവൻ നമ്മുടെ ഉദ്ധാരകൻ.
11. എസ്ഥേറിൽ അവൻ നമ്മുടെ വക്കീൽ അഥവാ വാദിക്കുന്ന കാര്യസ്ഥൻ ആകുന്നു.
12. ഇയ്യോബിൽ അവൻ വീണ്ടെടുപ്പുകാരനാണ് (19:25).
13. സങ്കീർത്തനങ്ങളിൽ അവൻ നമുക്ക് സകലത്തിനും സകലവും ആകുന്നു.
14. സദൃശവാക്യങ്ങളിൽ അവൻ നമുക്ക് മാതൃകാപുരുഷനാണ്.
15. സഭാപ്രസംഗിയിൽ അവൻ നമ്മുടെ ലക്ഷ്യമാണ്.
16. ഉത്തമഗീതത്തിൽ അവൻ നമ്മുടെ പ്രിയനാണ്.
17. പ്രവചനങ്ങളിൽ (യെശയ്യാവ് – മലാഖി) അവൻ വരുവാനുള്ള സമാധാന പ്രഭു ആകുന്നു.
18. മത്തായിയുടെ സുവിശേഷത്തിൽ അവൻ രാജാവാണ്.
19. മർക്കൊസിൽ അവൻ ഉത്തമദാസനാണ്.
20. ലൂക്കൊസിൽ അവൻ മനുഷ്യപുത്രനാണ്.
21. യോഹന്നാനിൽ അവൻ ദൈവപുത്രനാണ്.
22. അപ്പൊസ്തലപ്രവൃത്തിയിൽ അവൻ പുനരുത്ഥാനം ചെയ്തവനും സഭയെ പണിയുന്നവനുമാകുന്നു.
23. ലേഖനങ്ങളിൽ അവൻ വിശ്വാസികളിൽ വസിക്കുന്നവനാണ്.
24. വെളിപ്പാടിൽ അവൻ വീണ്ടും വരുന്ന രാജാവാകുന്നു.

ബൈബിളിൽ ആദിയോടന്തം ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനെ ദൈവപുത്രനായി അംഗീകരിക്കുവാനായിട്ടത്രെ അവനെ നമുക്ക് വെളിപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ വ്യക്തിപരമായ ജീവിതം ക്രിസ്തുവിനു സമർപ്പിക്കപ്പെട്ടതായിരിക്കണം. അവനെക്കുറിച്ചുള്ള അറിവു മാത്രം നമ്മെ രക്ഷിക്കുകയില്ല. യേശുക്രിസ്തുവിനെ വിശ്വാസത്താൽ സ്വന്തരക്ഷിതാവായി സ്വീകരിക്കുമ്പോൾ നാം ദൈവമക്കൾ ആകുന്നു. ക്രിസ്തു വിനെ വെളിപ്പെടുത്തുന്ന ഈ ദിവ്യഗ്രന്ഥം നമ്മുടെ പ്രമോദമായിത്തീരണം. അതിലെ ആലോചനകൾ നമുക്ക് ബുദ്ധി ഉപദേശം നൽകുന്നതാണ്. അതു വായിച്ചു ധ്യാനിക്കുന്നവർക്ക് ആത്മസമാധാനവും സന്തോഷവും പ്രത്യാ ശയും ഉള്ളവർ ആകുവാൻ കഴിയും. അതിനു സർവ്വേശ്വരൻ നമ്മെ സഹായിക്കട്ടെ.

## പുതിയ നിയമം

ബൈബിൾ ദൈവിക വെളിപ്പാടാകുന്നു. മനുഷ്യവർഗ്ഗത്തിനുവേണ്ടി ദൈവം യേശുക്രിസ്തുവിൽ ഒരുക്കിയിട്ടുള്ള രക്ഷയാണ് അതിലെ വിഷയം. ബൈബിളിനെ പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പഴയനിയമത്തിൽ ന്യായപ്രമാണമാണ് മുഖ്യവിഷയം. പുതിയനിയമം, പ്രവചനപുരുഷനായ ക്രിസ്തുവിനെ ചരിത്രപുരുഷനായി വെളിപ്പെടുത്തുന്നു. പഴയനിയമത്തിൽ ആരംഭിച്ച ദൈവിക വെളിപ്പാടുകൾ പുതിയനിയമത്തിൽ അവസാനിക്കുന്നു.

## സുവിശേഷങ്ങൾ

പുതിയനിയമത്തിൽ നാലു സുവിശേഷങ്ങൾ കാണാം. ക്രിസ്തുവിന്റെ ആളത്വത്തിൽ അന്തർലീനമായിരിക്കുന്ന ദിവ്യരഹസ്യങ്ങളും ഉപദേശങ്ങളും അത്ഭുതപ്രവൃത്തികളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹവാനായ ദൈവം പാപിയായ മനുഷ്യനുവേണ്ടി യേശുക്രിസ്തുവിൽ കൂടി ഒരുക്കിയിട്ടുള്ള രക്ഷയുടെ സന്തോഷവാർത്തയാകുന്നു സുവിശേഷങ്ങൾ. സകല മനുഷ്യരുടെയും ജീവിതലക്ഷ്യം നിർണ്ണയിക്കപ്പെടുന്നത് സുവിശേഷത്തോടുള്ള അവരുടെ വ്യക്തിപരമായ ബന്ധമാകുന്നു (യോഹ. 3:36). ക്രിസ്തു പാപികളുടെ ഏകരക്ഷകനാണ് (പ്രവൃ. 4:12; 1 തിമൊ. 2:5,6). യേശു എന്ന പേരിന്റെ അർത്ഥം രക്ഷകൻ എന്നാണ് (മത്താ. 1:21). സുവിശേഷങ്ങളിൽ 89 അദ്ധ്യായങ്ങൾ ഉണ്ട്. അതിൽ ക്രിസ്തുവിന്റെ 30 വയസ്സുവരെയുള്ള ചരിത്രം വിവരിക്കുവാൻ നാലോളം അദ്ധ്യായങ്ങൾ മാത്രമേയെടുത്തിട്ടുള്ളൂ. എന്നാൽ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങൾ വിശദമാക്കുവാൻ പതിനേഴോളം അദ്ധ്യായങ്ങൾ എടുത്തിരിക്കുന്നു. ശേഷം അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ പരസ്യശുശ്രൂഷയോടു ബന്ധപ്പെട്ട ചരിത്രം കാണാവുന്നതാണ്.

## ക്രിസ്തുവിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ

ക്രിസ്തുവിനെ ഒരു മതസ്ഥാപകനും പ്രവാചകനും ഗുരുവും നല്ല മനുഷ്യനുമായി അംഗീകരിക്കുന്നവർ ധാരാളമുണ്ട്. എന്നാൽ ബൈബിൾ ക്രിസ്തുവിനു നൽകുന്ന മുഖ്യസ്ഥാനം അവൻ ദൈവപുത്രനാകുന്നു എന്നതത്രെ (യോഹ. 20:31). ക്രിസ്തുവിനെ ദൈവപുത്രനായ രക്ഷിതാവായി സ്വീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയുകയുള്ളൂ (യോഹ. 1:12,13). അവന്റെ ജീവിതം നമ്മുടെ മാതൃക ആയിരിക്കണം. അപ്പോൾ നമുക്ക് ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തുന്ന അവന്റെ ശിഷ്യന്മാർ ആകുവാൻ കഴിയും (1 പത്രൊ. 2:21). ക്രിസ്തുവിന്റെ മരണപുനരുത്ഥാനവും ജീവിതവും തുല്യപ്രാധാന്യമുള്ള വിഷയങ്ങളാകുന്നു. അവന്റെ ആളത്വമാഹാത്മ്യമാകുന്നു അവന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യ മഹിമ വ്യക്തമാക്കുന്നത്.

പുതിയനിയമത്തിലെ ആദ്യത്തെ മൂന്നു സുവിശേഷങ്ങളെ സമവീക്ഷണ സുവിശേഷങ്ങൾ എന്നു വിളിക്കുന്നു. ക്രിസ്തുവിന്റെ ജീവചരിത്ര ത്തിന്റെ സംക്ഷിപ്ത വിവരണം ആണ് അതിലുള്ളത്. യോഹന്നാന്റെ സുവി ശേഷം ക്രിസ്തുവിന്റെ ആളത്വമാഹാത്മ്യം വ്യക്തമാക്കുന്നു. ക്രിസ്തു ചെയ്ത അത്ഭുതപ്രവൃത്തികൾ വ്യക്തമാക്കിക്കൊണ്ട് അവൻ ദൈവപുത്രൻ ആണെന്ന് തെളിയിക്കുന്ന സുവിശേഷമാണിത്.

*********

# മർക്കൊസ് എഴുതിയ സുവിശേഷം

മർക്കൊസിന്റെ സുവിശേഷം യേശുക്രിസ്തുവിനെക്കുറിച്ചുള്ള പ്രഖ്യാപനമാകുന്നു. ക്രിസ്തുവിന്റെ സേവനമാണ് ഇതിലെ മുഖ്യവിഷയം (10:45). പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ വന്ന ദാസനെ ഇവിടെ കാണാം. യേശുവിന്റെ പ്രഭാഷണങ്ങളെക്കാൾ സേവനത്തിനു പ്രാധാന്യം ഈ സുവിശേഷം നൽകുന്നു. സുവിശേഷങ്ങളിൽ വച്ച് ചെറുതും ലളിതവുമായ പുസ്തകം ഇതാണ്. 1 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങളിൽ ക്രിസ്തുവിന്റെ ശുശ്രൂഷകൾ വിവരിച്ചിരിക്കുന്നു. 14 മുതൽ 16 വരെ യേശുവിന്റെ മരണപുനരുത്ഥാനങ്ങളുടെ വിഷയവും. സേവനത്തിനു പ്രാധാന്യം നൽകുന്ന റോമൻ ജനതയെ ലക്ഷ്യമാക്കി രചിച്ചിട്ടുള്ളതാണ് ഈ സുവിശേഷം. എഴുത്തുകാരൻ പത്രൊസിന്റെ ശിഷ്യനും പൗലൊസിന്റെ സഹപ്രവർത്തകനും ആയിരുന്നു. മർക്കൊസിന്റെ ഭവനം യെരൂശലേമിൽ ആയിരുന്നു. തന്റെ അമ്മയുടെ പേർ മറിയ എന്നാണ്. അവരുടെ ഭവനം ശിഷ്യന്മാർക്ക് കടന്നുവരുവാൻ തുറക്കപ്പെട്ടിരുന്നു. അങ്ങനെ മർക്കൊസ് കണ്ടതും കേട്ടതുമായ സംഭവങ്ങളാണ് ഈ സുവിശേഷത്തിൽ ഉള്ളത് (പ്രവൃ. 12:1 –19;13:13).

### പ്രത്യേകതകൾ

ആദ്യം എഴുതപ്പെട്ട സുവിശേഷം ഇതാണെന്ന് പല വേദപണ്ഡിത ന്മാരും അഭിപ്രായപ്പെടുന്നു. എഴുത്തുകാരൻ മർക്കൊസാണ്. ക്രിസ്തുവിനെ അനുഗമിച്ചവൻ, സഹഭൃത്യൻ, മടങ്ങിപ്പോകുന്നവൻ, സ്വീകരിക്കുവാൻ യോഗ്യൻ, ബർന്നബാസിന്റെ മച്ചുനൻ, പക്വത വന്നവൻ, ശുശ്രൂഷയ്ക്ക് പ്രയോജനമുള്ളവൻ എന്നീ യോഗ്യതകൾ മർക്കൊസിൽ കാണാവുന്നതാണ് (മർക്കൊ. 14:51, പ്രവൃ. 13:5,13, 15:37, കൊലൊ. 4:10, 2 തിമൊ. 4:11). തിരക്കേ റിയ സേവനത്തിന്റെ മാതൃക ഈ സുവിശേഷത്തിൽ കാണാം. യേശുവിന്റെ പരസ്യശുശ്രൂഷ ക്രമമായി വിശദീകരിക്കുന്ന സുവിശേഷം ആണിത്. ദൈവാലയത്തിന്റെ നാശത്തെക്കുറിച്ച് പ്രവചിച്ചിരിക്കയാൽ എ.ഡി. 70-നു മുമ്പ് ഈ സുവിശേഷം എഴുതപ്പെട്ടു എന്നു കരുതാം.

## അദ്ധ്യായം 1

### യോഹന്നാൻ സ്നാപകന്റെ സന്ദേശം (1:1-8)

ക്രിസ്തുവിന്റെ മുന്നോടിയായിരുന്നു അവൻ. സ്വയമായി ഒന്നും തന്നെ പറയാതെ ക്രിസ്തുവിനു മഹത്വം നൽകുന്നതായിരുന്നു അവന്റെ ശുശ്രൂഷ. രാജാവിന്റെ എഴുന്നള്ളത്തിനു മുമ്പായി ഒരാൾ അതു വിളമ്പരം ചെയ്യുന്ന പതിവ് അന്നുണ്ടായിരുന്നു. ക്രിസ്തുവിനെ സ്വീകരിക്കുവാൻ മതിയായ വിധം മാനസാന്തരപ്പെടുവാൻ ജനത്തെ യോഹന്നാൻ ആഹ്വാനം ചെയ്തു (സങ്കീ. 2:7, യെശ. 42:1).

### യേശുവിന്റെ സ്നാനം (1:9-11)

ക്രിസ്തു ദൈവപുത്രൻ എന്നു സ്വർഗ്ഗം സാക്ഷ്യം വഹിച്ച സന്ദർഭം ആയിരുന്നു ഇത്. പഴയനിയമത്തിൽ യേശു ദൈവപുത്രൻ ആണെന്നുള്ള പരാമർശം ഉണ്ട് (സങ്കീ. 2:7, യെശ. 42:1).

### യേശുവിന്റെ പരീക്ഷ (1:12,13)

ആദാം ഏദെനിൽ പരീക്ഷിക്കപ്പെട്ടു. പാപമില്ലാത്ത സാഹചര്യം, സകല സമൃദ്ധിയും ഉള്ള തോട്ടം എന്നിവ ആദാമിനുണ്ടായിരുന്നു. എന്നാൽ അവൻ പരീക്ഷയിൽ പരാജയപ്പെട്ടു. ഒടുക്കത്തെ ആദാമായ ക്രിസ്തു സകല എതിർപ്പുകളും പാപക്കറ പുരണ്ടതുമായ സാഹചര്യത്തിൽ സാത്താനാൽ പരീക്ഷിക്കപ്പെട്ടു. അവൻ ജയം വരിച്ചു. ക്രിസ്തു മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പു സാധിക്കുവാൻ യോഗ്യനാണെന്ന് അതു തെളിയിച്ചു. നാല്പത് ദിവസം യേശു കാട്ടുമൃഗങ്ങളോടുകൂടെ ആയിരുന്നു. പരീക്ഷിക്കപ്പെട്ടതിനുശേഷം ദൂതന്മാർ അവനെ ശുശ്രൂഷിച്ചു. നമ്മുടെ പരീക്ഷകളിൽ സഹതാപം കാണിക്കുവാൻ കഴിവുള്ളവനാണ് ക്രിസ്തു.

### യേശു അധികാരം ഉള്ളവൻ (1:14-45)

അവൻ ഗലീലയിൽ സുവിശേഷം പ്രസംഗിച്ചു. അവൻ അധികാരം ഉള്ളവനായിട്ടത്രെ ഉപദേശിച്ചത്. അവന്റെ ഉപദേശത്തിൽ ജനം വിസ്മയിച്ചു (മത്താ. 7:28,29). ക്രിസ്തു നാല് അപ്പൊസ്തലന്മാരെ വിളിച്ചു തന്നെ അനുഗമിക്കുവാൻ ആവശ്യപ്പെട്ടു. അവർ തൽക്ഷണം സകലവും വിട്ട് തന്നെ അനുഗമിച്ചു. ഇവിടെയും ക്രിസ്തുവിന്റെ അധികാരം കാണാം. അവർ ക്രിസ്തുവിന് വേണ്ടി ആത്മാക്കളെ നയിക്കുന്നവർ ആകണം. യേശു കഫർ ന്നഹൂമിലുള്ള പള്ളിയിൽ ഉപദേശിച്ചു. പരസ്യസ്ഥലത്തും പള്ളികളിലും ക്രിസ്തു ഉപദേശിക്കുവാൻ മനസ്സുള്ളവനായിരുന്നു. ക്രിസ്തുവിന്റെ അനുഗാമികൾ അവസരം ലഭിക്കുന്ന സന്ദർഭങ്ങളിലും സ്ഥലത്തും ക്രിസ്തുവിനെ സാക്ഷിക്കുന്നവർ ആകണം.

ക്രിസ്തു ഭൂതഗ്രസ്തനെ സൗഖ്യമാക്കി. അവൻ സാത്താന്റെ മേൽ അധികാരം ഉള്ളവനാണ്. സാത്താൻ ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് അറിവുള്ളവനാണ്. എന്നാൽ അത് അംഗീകരിക്കുന്നില്ല (യാക്കോ. 2:19).

അവനും അവന്റെ അനുഗാമികളും ക്രിസ്തുവിനാൽ ന്യായം വിധിക്കപ്പെടും. ക്രിസ്തു പ്രവൃത്തിയിലും പ്രസംഗത്തിലും അധികാരം ഉള്ളവനാകുന്നു.

യേശു പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കി. അവൻ മനുഷ്യരോടു സഹതാപമുള്ളവൻ ആണ്. ക്രിസ്തു പള്ളിയിൽ മാത്രമല്ല ഭവനത്തിലും സ്വീകരിക്കുവാൻ യോഗ്യനാകുന്നു. അവനെ സ്വീകരിക്കുന്നവർ അനുഗ്രഹിക്കപ്പെടും. കഠിനജ്വരം ബാധിച്ച സ്ത്രീ തൽക്ഷണം സൗഖ്യമുള്ളവളായി. സൗഖ്യം പ്രാപിച്ചവർ ക്രിസ്തുവിനെ ശുശ്രൂഷിക്കുന്നവർ ആകണം. ആ മാതൃക പത്രൊസിന്റെ അമ്മാവിയമ്മയിൽ കാണാം.

യേശു അതികാലത്തെ എഴുന്നേറ്റ് പ്രാർത്ഥിക്കുന്നവൻ ആയിരുന്നു. പിതാവിലുള്ള ആശ്രയവും സഖിത്വവും ഇതു കാണിക്കുന്നു. നാമും പ്രവർത്ത നങ്ങളിൽ പ്രയോജനം ഉള്ളവർ ആകുവാൻ പ്രാർത്ഥിക്കുന്നവർ ആകണം.

യേശു കുഷ്ഠരോഗിയെ തൊട്ടു സൗഖ്യമാക്കി. കുഷ്ഠരോഗം പാപത്തെ കാണിക്കുന്നു. അതു മരണത്തെയും അശുദ്ധിയെയും വേർപാടിനെയും കാണിക്കുന്നു. അവർക്കു സാധാരണക്കാരുമായി യാതൊരു സംസർഗ്ഗവും ഉണ്ടായിരിക്കില്ല. ക്രിസ്തു അങ്ങനെയുള്ളവരോട് സഹതാപം ഉള്ളവനാണ്. അവൻ പാപികളെ രക്ഷിക്കുവാൻ മനസ്സുള്ളവനാകുന്നു. സൗഖ്യം ലഭിച്ച കുഷ്ഠരോഗിയോട് മൗനമായിരിക്കുവാൻ കർത്താവു കല്പിച്ചു. അവനോ ഈ വസ്തുത സകലരോടും പറഞ്ഞു. നാം സുവിശേഷം സകല ജാതികളോടും അറിയിക്കുവാൻ നിയോഗം ലഭിച്ചവർ ആണ്. എന്നാൽ നാം അത് എത്രമാത്രം അനുസരിക്കുന്നവർ ആകുന്നു?

## അദ്ധ്യായം 2

### യേശു പക്ഷവാതക്കാരനെ സൗഖ്യമാക്കുന്നു (2:1-12)

പക്ഷവാതക്കാരന് മറ്റുള്ളവരുടെ സഹായം ആവശ്യമായിരുന്നു. അവനെ നാലു പേർ കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. ക്രിസ്തുവിനു പാപമോചനം നൽകുവാൻ അധികാരം ഉണ്ട് എന്ന് അവനെ സൗഖ്യമാക്കിക്കൊണ്ടു തെളിയിച്ചു. എന്നാൽ ശാസ്ത്രിമാർ യേശുവിൽ കുറ്റംകണ്ടെത്തി. ദൈവം മാത്രം പാപമോചനം നൽകുന്നു. ക്രിസ്തു ദൈവമാണെന്നു അങ്ങനെ തെളിയിക്കപ്പെട്ടു. പക്ഷവാതക്കാരൻ കിടക്ക എടുത്തു വീട്ടിലേക്ക് പോയി. എല്ലാവരും കണ്ടു വിസ്മയിച്ചു. മതനേതാക്കൾ ക്രിസ്തുവിനെ കുറ്റപ്പെടുത്തുന്നു. എന്തൊരു വിരോധാഭാസം.

### യേശു ലേവിയെ വിളിക്കുന്നു (2:14)

ക്രിസ്തു പാപികളെ രക്ഷിക്കുവാൻ വന്നവൻ ആണ്. ചുങ്കക്കാർ വെറുക്കപ്പെട്ടിരുന്നു. എന്നാൽ ലേവി ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടുന്നു. അവനു വ്യത്യാസം വന്നു. അവൻ മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് നയിച്ചു. അതാണ് രക്ഷിക്കപ്പെടുമ്പോൾ സംഭവിക്കേണ്ടത്.

### യേശു തന്റെ വരവിന്റെ ഉദ്ദേശം വ്യക്തമാക്കുന്നു (2:17-28)

അവൻ രോഗികളുടെ നല്ല വൈദ്യനാണ്. മനുഷ്യന്റെ മഹാരോഗം പാപം ആണ്. അതിനു ശമനം നൽകുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ. ക്രിസ്തു പാപമോചനം നൽകുവാൻ അധികാരം ഉള്ളവനാണ്. അവന്റെ അടുക്കൽ വന്ന് ഇന്നുതന്നെ പാപമോചനം പ്രാപിക്കുക. യേശു രക്ഷിക്കപ്പെടുന്നവരുടെ ആത്മമണവാളൻ ആണ്. അവൻ സന്തോഷവും സമാധാനവും സംതൃപ്തിയും നൽകുന്നു. മതങ്ങളുടെ ആചാരങ്ങൾക്ക് അതു നൽകുവാൻ സാധിക്കയില്ല. ഉപവാസത്തെക്കുറിച്ച് പല തെറ്റിദ്ധാരണകൾ ഇന്നും കണ്ടുവരുന്നു. ക്രിസ്തുവിങ്കലേക്ക് കൂടുതൽ ഏകാഗ്രത ഉണ്ടാക്കുവാൻ ചില കാര്യങ്ങൾ ത്യജിക്കുന്നത് നല്ലതാണ്. അതിൽ കൂടുതലായി ഉപവാസത്തിനു പ്രാധാന്യമില്ല. ക്രിസ്തു ശബ്ബത്തിനു കർത്താവാകുന്നു. ശബ്ബത്ത് ഒരു പഴയനിയമ കല്പനയാണ്. ക്രിസ്തു പുതിയനിയമത്തിന്റെ കർത്താവാകുന്നു (ലൂക്കൊ. 22:19,20). ദൈവഹിതം ചെയ്യുവാൻ ഇന്നു ദൈവാത്മാവ് നമ്മെ ശക്തീകരിക്കുന്നു (റോമ. 8:1-4). മതത്തിന്റെ കർമ്മങ്ങൾക്ക് അടിമപ്പെടാതെ ആത്മാവിലുള്ള സ്വാതന്ത്ര്യം ഉള്ളവർ ആകുവാൻ ദൈവം നമ്മെ ഉപദേശിക്കുന്നു. കർത്താവിനോടുള്ള നമ്മുടെ സ്നേഹം അവനെ അനുസരിക്കുവാൻ നമ്മെ നിർബന്ധിക്കട്ടെ (മത്താ. 12:1-8 വരെയുള്ള ഭാഗം വായിക്കുക).

## അദ്ധ്യായം 3

### യേശു വരണ്ട കൈയുള്ള മനുഷ്യനെ സൗഖ്യമാക്കുന്നു (3:1-6)

ശബ്ബത്തു നന്മചെയ്യുവാനുള്ള സന്ദർഭമാകുന്നു എന്നു കർത്താവ് തെളിയിച്ചു. ക്രിസ്തുവിനെ കുറ്റംചുമത്തുന്നതു പാപം ആകുന്നു. കുറ്റംചുമത്തുവാൻ ആത്മികവിഷയങ്ങളെ നോക്കരുത്. അതു ഹൃദയകാഠിന്യത്തെ കാണിക്കുന്നു. ക്രിസ്തുവിരോധികളാകുവാൻ അതു കാരണം ആകും. ഹെരോദ്യർ മതവിശ്വാസികൾ ആയിരുന്നില്ല. ക്രിസ്തുവിനോടുള്ള വിരോധം മതഭക്തരായ പരീശന്മാരെ ഹെരോദ്യരുമായുള്ള സഖിത്വത്തിലേക്ക് നയിച്ചു. അവരുടെ ലക്ഷ്യം എങ്ങനെയെങ്കിലും ക്രിസ്തുവിനെ നശിപ്പിക്കുക എന്നുള്ളതായിരുന്നു. യേശുവോ രോഗികൾക്ക് സൗഖ്യം നൽകിക്കൊണ്ടിരുന്നു.

### യേശു പന്ത്രണ്ട് അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തു (3:13-19)

വലിയ പുരുഷാരം യേശുവിനെ അനുഗമിച്ചു. ഉപരിപ്ലവമായിരുന്നു അവരുടെ വിശ്വാസം. താൽക്കാലിക താൽപര്യങ്ങൾക്കുവേണ്ടി അവർ അനുഗമിച്ചു. യേശു പ്രസിദ്ധി ആഗ്രഹിച്ചില്ല. ഒരു രാത്രി മുഴുവൻ പ്രാർത്ഥിച്ച ശേഷമാണ് ക്രിസ്തു അപ്പൊസ്തലന്മാരെ തിരഞ്ഞെടുത്തത് (ലൂക്കൊ. 6:12). മൂന്ന് ഉദ്ദേശങ്ങൾ അതിനുണ്ടായിരിക്കണം. ഒന്നാമതായി അവർ തന്നിൽനിന്നും പഠിക്കുന്നവർ ആകണം. രണ്ടാമതായി അവരെ പ്രസംഗിക്കുവാൻ അയക്കണം. മൂന്നാമതായി അവർക്ക് അത്ഭുതങ്ങൾ ചെയ്യുവാൻ അധികാരം നൽകണം. ക്രിസ്തുവിനു ധാരാളം ശിഷ്യന്മാർ ഉണ്ടായിരുന്നു. അവർ ക്രിസ്തുവിന്റെ സ്ഥാനപതിമാർ ആകുന്നു. ഇന്ന് അപ്പൊസ്തലന്മാർ ഇല്ല. ഒരു ശിഷ്യൻ മറ്റൊരു ശിഷ്യനെ ഉണ്ടാക്കുന്നവൻ ആയിരിക്കണം (2 തിമൊ. 2:2).

### യേശു നിന്ദിക്കപ്പെടുന്നു (3:20-30)

ചാർച്ചക്കാരും കുടുംബവും യേശുവിനെ നിന്ദിച്ചു. അവനു ബുദ്ധിഭ്രമം ഉണ്ടെന്ന് അവർ ആരോപിച്ചു. അവനെക്കുറിച്ചു ദൂഷണം പറഞ്ഞു. സാത്താന്യശക്തികൊണ്ടു യേശു അത്ഭുതം പ്രവർത്തിക്കുന്നു എന്നുള്ളതായിരുന്നു ആരോപണം. ഇന്നു ക്ഷമിക്കാത്ത പാപം ദൈവപുത്രനായ ക്രിസ്തുവിനെ നിഷേധിക്കുന്നതാണ്. യേശുവിന്റെ സഹോദരന്മാർ അവനിൽ വിശ്വസിച്ചിരുന്നില്ല. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകിയിരിക്കുന്നു (യോഹ. 1:12). അവർ ദിവ്യസ്വഭാവമുള്ളവർ ആകും (2 പത്രൊ. 1:3,4; റോമ. 8:15,16).

## അദ്ധ്യായം 4

### വിതയ്ക്കുന്നവന്റെ ഉപമ (4:1-20)

വിതയ്ക്കുന്നവന്റെ ഉപമയാണ് ആദ്യമായി ഈ അദ്ധ്യായത്തിൽ കാണുന്നത് (4:1-20). മത്തായി 13:3-23 വരെയുള്ള വാക്യങ്ങളുടെ വിശദീകരണവും വായിക്കുക.

### രണ്ടാമതായി വിളക്കിന്റെ ഉപമ കാണാം (4:21-25)

വിളക്കു കത്തിച്ചു പറയിൻകീഴിൽ വയ്ക്കരുത്. അതു തണ്ടിന്മേൽ വയ്ക്കണം. ദൈവവചനം മറ്റുള്ളവരുമായി പങ്കിടുവാനുള്ളതാണ്. ക്രിസ്തുവിന്റെ ശിഷ്യന്മാർ അവനെ സാക്ഷിക്കുന്നവർ ആയിരിക്കണം. അവരുടെ ജീവിതം ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുന്നതായിരിക്കണം. അതു ചെയ്യാത്തവർ ആത്മീയ നഷ്ടം അനുഭവിക്കും.

### വളരുന്ന വിത്തിന്റെ ഉപമ (4:26-29)

ദൈവവചനമായ വിത്ത് മനുഷ്യഹൃദയങ്ങളിൽ അത്ഭുതകരമായി പ്രവർത്തിക്കുന്നതിനെ ഇതു കാണിക്കുന്നു. ദൈവമാണ് വളർച്ച നൽകുന്നത്. അവർ ദൈവത്തിനു ഫലം ഉളവാക്കുന്നവർ ആയിരിക്കും. കർത്താവ് ശിഷ്യന്മാരോട് പറഞ്ഞത് ശ്രദ്ധേയമത്രെ: "കൊയ്ത്തു വളരെയുണ്ട്, സത്യം. വേലക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിന്റെ യജമാനനോട് തന്റെ കൊയ്ത്തിനു വേലക്കാരെ അയയ്ക്കേണ്ടതിന് അപേക്ഷിക്കുവിൻ." ക്രിസ്തുവിന്റെ ശിഷ്യന്മാർ ആത്മാക്കളെ തേടുന്നവർ ആയിരിക്കണം.

### കടുകുമണിയുടെ ഉപമ (4:30-32)

മത്തായി 13:31,32 ന്റെ വിശദീകരണവും വായിക്കുക.

### കാറ്റിനെയും കടലിനെയും ശാസിക്കുന്നവൻ (4:35-41)

യേശു ഉപമകളാൽ ശിഷ്യന്മാരോട് വചനം അറിയിച്ചു. വചനം കേട്ടവർ അതു വിശ്വസിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു. വിശ്വാസത്തിന്റെ പരിശോധനകൾ ദൈവം അയയ്ക്കുന്ന ചുഴലിക്കാറ്റുകൾ ആണ്. ശിഷ്യന്മാർ ഭയപ്പെട്ടു. ജീവിതത്തിലെ ഏതു സാഹചര്യത്തെയും നിയന്ത്രിക്കുവാൻ ശക്തിയുള്ളവനാണ് കർത്താവ് എന്ന് അവർ അറിയുവാൻ ആവശ്യമുണ്ടായിരുന്നു. "ഗുരോ, ഞങ്ങൾ നശിച്ചുപോകുന്നതിൽ നിനക്കു വിചാരമില്ലയോ" എന്നു പറയുവാൻ ശിഷ്യന്മാർ മടിച്ചില്ല. നമ്മുടെ ബലഹീനതകൾ മനസ്സിലാക്കുവാൻ കഴിവുള്ളവനാണ് ക്രിസ്തു. അവരെ കർത്താവാണ് അക്കര യ്ക്ക് അയച്ചത്. രണ്ടാമതായി കർത്താവ് അവരോടുകൂടെ ഉണ്ടായിരുന്നു. മൂന്നാമതായി യേശു സമാധാനത്തോടെ കിടന്നുറങ്ങുന്നു. ഇതു മനസ്സിലാക്കുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞില്ല. അവരുടെ അവിശ്വാസമുള്ള ഹൃദയം കർത്താവ് അറിഞ്ഞു. കാറ്റിനെയും കടലിനെയും ശാന്തമാക്കി. ശിഷ്യന്മാരുടെ അവിശ്വാസത്തെയും ഭീരുത്വത്തെയും കർത്താവു ശാസിച്ചു. കർത്താവിന്റെ അത്ഭുതപ്രവൃത്തി കണ്ട് അവർ അത്ഭുതപ്പെട്ടു.

## അദ്ധ്യായം 5

### യേശു ഭൂതഗ്രസ്തനെ സൗഖ്യമാക്കുന്നു (5:1-20)

ജാതികൾ വസിക്കുന്ന ഗദരദേശത്താണ് ഇതു സംഭവിച്ചത്. ക്രിസ്തു യെഹൂദന്മാരെയും ജാതികളെയും

രക്ഷിക്കുവാൻ വന്നവനാകുന്നു. സാത്താന്റെ ശുശ്രൂഷകന്മാരാകുന്നു ഭൂതങ്ങൾ. അവർക്കു മനുഷ്യരെ ഉപദ്രവിക്കുവാൻ ശക്തിയുണ്ട്. ഭൂതബാധിതർ എല്ലാം നഷ്ടപ്പെട്ടവരാണ്. ഭവനം, സുബോധം, സമാധാനം എന്നിവ നഷ്ടപ്പെട്ടവരായി അവർ ദണ്ഡനം അനുഭവിക്കുന്നു. അവരെ സഹായിക്കുവാൻ ക്രിസ്തു മനസ്സുള്ളവനാണ്. സാത്താൻ അലറുന്ന സിംഹംപോലെ ആരെയും വിഴുങ്ങുവാൻ ഓടിനട ക്കുന്നു (1 പത്രൊ. 5:8). സാത്താന്റെ പരീക്ഷകളെ എതിർത്തുനിൽപ്പാൻ നമുക്ക് കഴിയണം (യാക്കോ. 4:7). അപ്പോൾ മാത്രമേ അവൻ നമ്മെ വിട്ടുപോകുകയുള്ളൂ. അവിശ്വാസികൾ സാത്താന്റെ സ്വാധീനതയിൽ കഴിയുന്നു. തൽഫലമായി അവർ ദൈവത്തെ അനുസരിക്കുന്നില്ല (എഫെ. 2:2). ദൈവം അനുവദിക്കാതെ രക്ഷിക്കപ്പെട്ടവർ സാത്താനാൽ പരീക്ഷിക്കപ്പെടുകയില്ല. ഭൂതങ്ങൾ ക്രിസ്തുവിന്റെ ദൈവത്വം അറിയുന്നു. എന്നാൽ അവർ അത് അംഗീകരിക്കുന്നില്ല. ക്രിസ്തുവിന്റെ നിസ്തുല്യത അറിയുന്ന അനേകർ അവനിൽ വിശ്വസിക്കുന്നില്ല എന്നുള്ളത് ഒരു ദുഃഖസത്യമാണ്. 6000 ത്തോളം ഭൂതങ്ങൾ ബാധിച്ച ഒരു മനുഷ്യനെ ക്രിസ്തു സൗഖ്യമാക്കി. അവൻ സാത്താന്റെ മേൽ അധികാരമുള്ളവനാണ്. അശുദ്ധാത്മാക്കൾ പുറപ്പെട്ടു പന്നികളിൽ കടന്നു. അവ കൂട്ടത്തോടെ കടലിൽ വീണു ചത്തു. സകലത്തിന്റെയും ഉടയവനായ ക്രിസ്തുവിന് അതിന് അധികാരം ഉണ്ട്. സാത്താന്റെ അധീനതയിൽ കഴിയുന്ന മനുഷ്യരും പന്നികളും ന്യായം വിധിക്കപ്പെടും എന്ന സത്യം ഇവിടെ തെളിയുന്നു. സൗഖ്യം ലഭിച്ച മനുഷ്യൻ സുബോധമുള്ളവനായി ഭവനത്തിലേക്ക് മടങ്ങി. പാപി രക്ഷിക്കപ്പെടുമ്പോൾ അവൻ ആത്മിക സൗഖ്യവും സുബോധവും ഉള്ളവനാകുന്നു. അവൻ സ്വന്തഭവനത്തിൽ ക്രിസ്തുവിനെ സാക്ഷിക്കുന്നവൻ ആകണം എന്നുള്ള സത്യം ഇവിടെ കാണാം.

ഗദരദേശക്കാരുടെ പ്രതികരണവും ശ്രദ്ധേയമത്രെ. അവർക്കു ഭൂതഗ്രസ്തനെ ബന്ധിക്കുവാൻ കഴിഞ്ഞു. അവനെ അകറ്റിനിർത്തി അവർ ഭയപ്പെട്ടു കഴിയുന്നു. അതാണ് ലോകം ഒരു പാപിക്ക് നൽകുന്നത്. സൗഖ്യം നൽകുവാൻ സമൂഹത്തിന്റെ പദ്ധതികൾ പര്യാപ്തമല്ല. താൽക്കാലിക സൗഖ്യം മാത്രമേ അവർക്കു നൽകുവാൻ കഴിയൂ. ക്രിസ്തു ചെയ്ത അത്ഭുതം അംഗീകരിച്ച് അവനെ സ്വീകരിക്കുവാൻ ഗദരദേശക്കാർ മടിച്ചു. ഇന്നും അതു സത്യമത്രെ. അവർക്കു ഭൗതികലാഭം മുഖ്യമായിരുന്നു. തങ്ങളുടെ അതിർ വിട്ടുപോകണം എന്ന് അവർ യേശുവിനോട് ആവശ്യപ്പെട്ടു. ക്രിസ്തുവിനെ സ്വാഗതം ചെയ്യാത്ത സ്ഥലങ്ങളിൽ അവൻ പ്രവർത്തിക്കുക യില്ല.

യായീറൊസിന്റെ മകളെ സൗഖ്യമാക്കുവാൻ യേശു പ്രസാദിച്ചു. 12 വർഷങ്ങളായി രക്തസ്രവമുള്ള സ്ത്രീക്കു ക്രിസ്തു സൗഖ്യം നൽകി. ക്രിസ്തു ചെയ്ത അനേകം അത്ഭുതങ്ങൾ കണ്ട ശേഷവും അവന്റെ ദൈവത്വത്തെ സംശയിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നതായി ഇവിടെ കാണാം. ഏതു കാലത്തും ഇതു സത്യമത്രെ. കൂടുതൽ അറിയുവാൻ മത്തായി 9–10 അദ്ധ്യായ വിവരണം വായിക്കുക.

## അദ്ധ്യായം 6

യേശുവിനെ നസറെത്തുകാർ തിരസ്കരിക്കുന്നു. ക്രിസ്തു പന്തിരുവരെ നിയോഗിക്കുന്നു. യോഹന്നാൻ സ്നാപകൻ കൊല്ലപ്പെടുന്നു. യേശു അയ്യായിരത്തെ പോഷിപ്പിക്കുന്നു. കടലിൻ മീതെ നടക്കുന്നു. യേശു രോഗികളെ സൗഖ്യമാക്കുന്നു എന്നീ സംഭവങ്ങൾ ഈ അദ്ധ്യായത്തിൽ കാണാം.

### നസറെത്തിൽ തിരസ്കരണം (6:1–13)

യേശു ഒരു വർഷം മുമ്പ് അവിടെ ഉപദേശിച്ചതാണ്. പക്ഷെ അവനെ കൊല്ലുവാൻ അവർ ശ്രമിച്ചു (ലൂക്കൊ. 4:16–30). ഇപ്പോൾ പിന്നെയും യേശു നസറെത്തിൽ വരുന്നു. ദൈവകൃപയുടെ പ്രദർശനം ഇവിടെ കാണാം. രക്ഷിക്കപ്പെടുവാൻ പല അവസരങ്ങളും നൽകുന്നവനാണ് കർത്താവ്. യേശുവിനെക്കുറിച്ചുള്ള കൂടുതൽ അറിവും പരിചയവും അവനെ നിന്ദിക്കുവാൻ കാരണമാകരുത്. ആത്മിക വിഷയങ്ങൾ കൂടുതൽ കേട്ടിട്ടുള്ളവർ പലപ്പോഴും അതിനു നൽകേണ്ട പ്രാധാന്യം നൽകുന്നില്ല എന്നത് ഒരു ദുഃഖസത്യമാകുന്നു. യേശു അവരുടെ അവിശ്വാസം കണ്ട് ആശ്ചര്യപ്പെട്ടു. അവരോടു ദൈവരാജ്യത്തിന്റെ സന്ദേശം അറിയിക്കുവാൻ ശിഷ്യന്മാരെ അയച്ചു. കർത്താവിനു പന്ത്രണ്ട് അപ്പൊസ്തലന്മാർ ഉണ്ടായിരുന്നു. അവർ കർത്താവിനാൽ നിയോഗിക്കപ്പെട്ടവർ ആണ്. അവർക്ക് അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ അധികാരം ലഭിച്ചിരുന്നു. ഇന്ന് ആ നിരയിലുള്ള അപ്പൊസ്തലൻമാർ ഇല്ല. ക്രിസ്തുവിന്റെ ശിഷ്യന്മാർ എല്ലാവരും അവന്റെ സാക്ഷികൾ ആയിരിക്കണം. ഒരു പാപി രക്ഷിക്കപ്പെട്ട് ദൈവപൈതലാകുന്നു എന്നുള്ളതാണ് ഏറ്റവും വലിയ അത്ഭുതം. കർത്താവു നിയോഗിക്കുന്നവരെ അവന്റെ ശക്തി നൽകി ശുശ്രൂഷയ്ക്കു പ്രാപ്തർ ആക്കുന്നു.

### യോഹന്നാൻ സ്നാപകന്റെ മരണം (6:14–29)

ഹെരോദാ അന്തിപ്പാസ് തന്റെ സഹോദരന്റെ ഭാര്യയെ വിവാഹം ചെയ്തതിനെ യോഹന്നാൻ കുറ്റപ്പെടുത്തി. തൽഫലമായി അവൻ കൊല്ലപ്പെട്ടു. മനഃസാക്ഷിയിൽ കുത്തുകൊണ്ടിരുന്ന ഹെരോദാവ് യേശുവിനെക്കുറിച്ചു കേട്ടു. അവൻ യോഹന്നാൻ ഉയിർത്തെഴുന്നേറ്റതാണെന്നു തെറ്റിദ്ധരിച്ചു. യേശു അത്ഭുതങ്ങൾ ചെയ്യുന്നതു കാണ്മാൻ അവൻ ആഗ്രഹിച്ചു (ലൂക്കൊ. 23:6–12). കർത്താവ് അവന്റെ ഹൃദയസ്ഥിതി അറിഞ്ഞ് അവനെ കുറുക്കൻ എന്നു വിളിച്ചു എന്നതു ശ്രദ്ധേയമത്രെ (ലൂക്കൊ. 13:32). ക്രിസ്തുവിനെ ആത്മാർത്ഥതയോടെ സമീപിക്കുന്നവർക്കു മാത്രമേ ആത്മരക്ഷ ലഭിക്കുകയുള്ളൂ.

### സംശയിക്കുന്ന ശിഷ്യന്മാർ (6:30-44)

യേശു അഞ്ചപ്പംകൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചു. വേറിട്ട് അല്പം ആശ്വസിക്കുവാൻ അവരോട് മുൻപും പറഞ്ഞിരുന്നു. എന്നാൽ പുരുഷാരത്തെ ഇടയനില്ലാത്തവരായിക്കണ്ടു കർത്താവിന്റെ മനസ്സലിഞ്ഞു. ക്രിസ്തീയ ജീവിതത്തിൽ വിശ്രമം ആവശ്യമാണെങ്കിലും ജനത്തിന്റെ ആത്മിക അരാജകത്വം കണ്ടു സുഖസൗകര്യങ്ങൾ ഉപേക്ഷിക്കുവാൻ നമുക്ക് കഴിയണം. ശിഷ്യന്മാർ തടസ്സങ്ങൾ കാണുമ്പോൾ കർത്താവ് സാദ്ധ്യതകൾ ദർശിക്കുന്നു. ജനത്തിന്റെ ആത്മികവും ശാരീരികവുമായ ആവശ്യങ്ങൾ കണ്ട് കർത്താവിന്റെ മനസ്സലിഞ്ഞു. തടസ്സങ്ങളെ വിശ്വാസത്തോടെ നേരിടുവാൻ ശിഷ്യന്മാർക്ക് കഴിഞ്ഞില്ല. ഒരു ഉത്തമദാസൻ പ്രശ്നപരിഹാരങ്ങളെ നിർദ്ദേശിക്കുന്നവൻ ആയിരിക്കണം. കർത്താവ് അഞ്ചപ്പവും രണ്ടു മീനും വാഴ്ത്തി ഭക്ഷിക്കുവാൻ കൊടുത്തു. എല്ലാവരും തിന്ന് തൃപ്തരായി. കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കുന്ന നിസ്സാരകാര്യങ്ങൾപോലും അവൻ വാഴ്ത്തുമ്പോൾ ആയിരങ്ങൾക്കു തൃപ്തി നൽകുവാൻ പര്യാപ്തമാണ്. നമ്മുടെ ജീവിതം അങ്ങനെ സമർപ്പിക്കുവാൻ ഇടയാകട്ടെ. യേശു ചെയ്ത ഈ അടയാളം ജനത്തെ ഉപദേശിക്കുവാൻ സാധന പാഠമായി എന്നു കാണാം (യോഹ. 6:1-14).

### യേശു കടലിൻമീതെ നടന്നു (6:45-56)

കർത്താവു ശിഷ്യന്മാരെ പടകു കയറ്റി അക്കരയ്ക്ക് അയച്ചു. വിശ്വാസത്തിന്റെ ആദിപാഠങ്ങൾ അവരെ പഠിപ്പിക്കുവാനാണ് അങ്ങനെ ചെയ്തത്. കാറ്റു പ്രതികൂലം ആകയാൽ അവർ തണ്ടുവലിച്ചു ക്ഷീണിച്ചു. കർത്താവ് അവർക്ക് നാലാം യാമത്തിൽ പ്രത്യക്ഷപ്പെട്ടു. അവൻ കടലിൻ മേൽ നടക്കുന്നത് കണ്ടിട്ട് ഭൂതം എന്ന് നിരൂപിച്ച് അവർ ഭയപ്പെട്ടു. അവരുടെ നിലവിളി കേട്ട കർത്താവ് “ധൈര്യപ്പെടുവിൻ; ഞാൻ തന്നെ ആകുന്നു; ഭയപ്പെടേണ്ട” എന്നു പറഞ്ഞു. പിന്നെ അവരുടെ പടകിൽ കയറി, കാറ്റ് അമർന്നു. നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ നമ്മുടെ സഹായത്തിനായി കർത്താവു വരുവാൻ മനസ്സുള്ളവൻ ആണ്. ശിഷ്യന്മാരെപ്പോലെ അവിശ്വാസവും സംശയവും ഉള്ളവരാകാതിരിക്കുവാൻ നമുക്ക് ഇടയാകട്ടെ.

## അദ്ധ്യായം 7

ക്രിസ്തു പരീശന്മാരുടെ കപടഭക്തിയെ ശാസിക്കുന്നതായി ഇവിടെ കാണാം (7:1-23). അവർ യേശുവിങ്കൽ കുറ്റംകണ്ടുപിടിക്കുവാൻ ശ്രമിച്ചു. കൂടുതൽ അറിയുവാൻ മത്തായി 15 ന്റെ വിശദീകരണം വായിക്കുക. രണ്ടാമതായി പുറജാതിസ്ത്രീയുടെ മകളെ സൗഖ്യമാക്കിയതായി കാണാം. യെഹൂദന്മാർ പുറജാതികളെ അധർമ്മജാതികളായിട്ടാണ് കരുതുന്നത്. യെഹൂദന്മാർ യേശുവിനെ തള്ളിക്കളഞ്ഞപ്പോൾ ഈ പുറജാതിസ്ത്രീ യേശുവിനെ അംഗീകരിച്ചു. മൂന്നാമതായി യേശു വിക്കനും ചെകിടനുമായ മനുഷ്യനെ സൗഖ്യമാക്കി. മർക്കൊസു മാത്രമേ ഈ സംഭവം രേഖപ്പെടുത്തുന്നുള്ളൂ. കർത്താവിന് അവനോട് സഹതാപം തോന്നി. അവനെ തൊട്ടു സൗഖ്യമാക്കുന്നതു ശ്രദ്ധേയമത്രെ. അവന്റെ നാവിന്റെ കെട്ട് അഴിക്കുവാൻ അവന്റെ സ്രഷ്ടാവിനു കഴിയും. മൗനമായിരിക്കുവാൻ കല്പിച്ചു എങ്കിലും യേശുവിനെക്കുറിച്ചുള്ള പ്രസിദ്ധി വ്യാപിച്ചു. ജാതികൾ ഇതു കണ്ട് ആശ്ചര്യപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തി (മത്താ. 15:31).

## അദ്ധ്യായം 8

### യേശു നാലായിരത്തെ പോഷിപ്പിക്കുന്നു (8:1-9)

ജാതികളുടെ ഇടയിലാണ് ഈ അത്ഭുതം നടന്നത്. മൂന്നു ദിവസം ജനം കർത്താവിന്റെ ഉപദേശം കേട്ടു. അവരുടെ ആത്മീയ ആവശ്യം മാത്രമല്ല ശാരീരിക ആവശ്യങ്ങളും അറിയുന്ന കർത്താവിനെ ഇവിടെ കാണാം. ശിഷ്യന്മാരുടെ സംശയവും അവിശ്വാസവും ഇവിടെ കാണാം. നാം ശിഷ്യന്മാരെപ്പോലെ മറവിയുള്ളവരാകുന്നു. എങ്കിലും കർത്താവു പ്രവർത്തിക്കുവാൻ മതിയായവൻ ആണ്.

അടയാളം അന്വേഷിക്കുന്നതിനെ യേശു അഭിനന്ദിച്ചില്ല. കർത്താവു ദുരുപദേശത്തെക്കുറിച്ചു ശിഷ്യന്മാർക്കു മുന്നറിയിപ്പു നൽകിയിരുന്നു (8:11-21). നാം വിശ്വാസത്താൽ ജീവിക്കേണ്ടവർ ആകുന്നു. ദൈവവചനം പ്രസ്താവിക്കുന്നത് അംഗീകരിച്ച് അനുസരിക്കുന്നതാണ് വിശ്വാസംകൊണ്ടു സാധിക്കേണ്ടത്. യേശുവിന്റെ മരണപുനരുത്ഥാനത്തിന്റെ നിസ്തുല്യത അവന്റെ അവകാശവാദങ്ങൾ സത്യമാകുന്നു എന്നുള്ളതിന്റെ തെളിവാകുന്നു. അവിശ്വാസം ആത്മീയ അന്ധതയുടെയും മന്ദതയുടെയും അടിസ്ഥാനം ആകുന്നു. ദൈവവചനം ധ്യാനിക്കുമ്പോൾ മാത്രമേ വിശ്വാസത്തിൽ വളരുവാൻ സാധിക്കുകയുള്ളൂ.

### അടയാളം അന്വേഷിക്കുന്ന പരീശന്മാർ (8:11-21)

യേശുവിനെ പരീക്ഷിക്കേണ്ടതിനാണ് അവർ ആകാശത്തുനിന്നും ഒരു അടയാളം ആവശ്യപ്പെട്ടത്. അവർ ക്രിസ്തുവിൽ വിശ്വസിച്ചിരുന്നില്ല. കാണാതെ വിശ്വസിക്കുന്നവരത്രെ ഭാഗ്യവാന്മാർ. നാം ദൈവവചനം വിശ്വസിക്കണം. പരീശന്മാരുടെ ആവശ്യം കർത്താവു സാധിച്ചുകൊടുത്തില്ല. ശിഷ്യന്മാരോടു പരീശന്മാരുടെ ദുരുപദേശത്തെക്കുറിച്ചു മുന്നറിയിപ്പു നൽകി. അവർ കപടഭക്തി എന്ന പാപത്തിന് അടിമകളായിരുന്നു. ശിഷ്യന്മാർക്കു കർത്താവിന്റെ ഉപദേശം ഗ്രഹിക്കുവാൻ കഴിഞ്ഞില്ല.

### യേശു കുരുടനു കാഴ്ച നൽകുന്നു (8:22-26)

ബേത്ത്സയിദയിൽ വച്ചാണ് ഇതു സംഭവിച്ചത്. അവിടത്തുകാർ കർത്താവിൽ വിശ്വസിച്ചിരുന്നില്ല. കുരുടനെ പട്ടണത്തിനു പുറത്തുകൊണ്ടുപോയതിന്റെ ശേഷമാണ് സൗഖ്യമാക്കിയത്. ബേത്ത്സയിദക്കാരുടെ അവിശ്വാസം നിമിത്തം കർത്താവിന് അവിടെ പ്രവർത്തിക്കുവാൻ മനസ്സായില്ല. ക്രിസ്തുവിനെ മനഃപൂർവ്വമായി അവഗണിക്കുന്നവർക്കു രക്ഷിക്കപ്പെടുവാൻ പ്രയാസമാണ് (മത്താ. 11:21). കുരുടനോട് പട്ടണത്തിൽ കടക്കരുത് എന്നു പറഞ്ഞശേഷം അവനെ കർത്താവ് വീട്ടിലേക്ക് അയച്ചു. അവന്റെ സാക്ഷ്യം കേൾക്കുവാൻ അവർക്കു കഴിഞ്ഞില്ല. മാനസാന്തരപ്പെടുവാൻ കഴിയാതെവണ്ണം അത്രയ്ക്ക് അവർ കഠിനപ്പെട്ടിരുന്നു. അങ്ങനെ സംഭവിക്കുവാൻ നമുക്ക് ഇടയാകാതിരിക്കട്ടെ.

### പത്രൊസിന്റെ പ്രഖ്യാപനം (8:27-33)

ഇതു സംഭവിച്ചത് ഫിലിപ്പിന്റെ കൈസര്യയിൽ വച്ചാണ്. അത് ഒരു പുറജാതി പട്ടണമായിരുന്നു. അവിടത്തെ വിഗ്രഹാരാധന പ്രസിദ്ധമാണ്. ജനങ്ങൾ യേശുവിനെ ഒരു വലിയ പ്രവാചകനായി അംഗീകരിച്ചിരുന്നു. പത്രൊസ് യേശുവിനെ ക്രിസ്തുവായി അംഗീകരിച്ചു സാക്ഷിച്ചു. അവൻ ദൈവപുത്രനാണ്. കർത്താവ് പാപികളുടെ രക്ഷിതാവാണ്. ഈ അറിവ് ദൈവം നൽകുന്നു. ദൈവവചനം അതു വെളിപ്പെടുത്തുന്നു. യേശുവിനെ ദൈവപുത്രനായി അംഗീകരിക്കുന്നവർക്കു മാത്രമേ രക്ഷിക്കപ്പെടുവാൻ കഴിയൂ. അവർ അതു വിശ്വസിച്ചില്ല. പത്രൊസ് കർത്താവിനെ ശാസിച്ചു. ദൈവഹിതം മനസ്സിലാക്കുവാൻ കഴിയാതിരുന്ന പത്രൊസിനെ കർത്താവു ശാസിച്ചു.

### ശിഷ്യത്വത്തിന്റെ മാർഗ്ഗം ക്രിസ്തു ഉപദേശിച്ചു (8:34-38)

ക്രിസ്തുവിന്റെ ശിഷ്യൻ സ്വയം ക്രിസ്തുവിന് സമർപ്പിക്കപ്പെട്ടവൻ ആയിരിക്കണം. സ്വാർത്ഥതാൽപര്യങ്ങൾക്ക് അടിമയായിരിക്കരുത്. ക്രിസ്തുവിനുവേണ്ടി കഷ്ടം സഹിക്കുവാൻ മനസ്സുള്ളവൻ ആയിരിക്കണം. കർത്താവിന്റെ ഹിതം അനുസരിക്കുവാൻ മനസ്സുള്ളവൻ ആകണം. എങ്കിൽ ക്രിസ്തുവിനോടുകൂടെ തേജസ്സിൽ വാഴും. അവനെ അനുഗമിക്കുന്നവർ അവനെപ്പോലെ ആകും. ലോകം തരുന്നതെല്ലാം നശ്വരമാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നതു ശാശ്വത സൗഭാഗ്യം നൽകുന്നു. നമുക്ക് ഈ നല്ല കർത്താവിനെ അനുഗമിക്കാം. അവന്റെ സാക്ഷികൾ ആകുന്നത് എത്ര ഭാഗ്യമാകുന്നു.

## അദ്ധ്യായം 9

### യേശുവിന്റെ രൂപാന്തരം (9:1-10)

മത്തായി 17:1-21 വാക്യങ്ങളുടെ വിശദീകരണവും വായിക്കുക.

### ഏലീയാവിനെക്കുറിച്ചുള്ള ചോദ്യം (9:11-29)

ഏലീയാവ് മുമ്പെ വരേണ്ടത് എന്ന് ശാസ്ത്രിമാർ വാദിക്കുന്നത് എന്ത് എന്ന് ശിഷ്യന്മാർ കർത്താവിനോട് ചോദിച്ചു. ക്രിസ്തുവിനു മുമ്പ് ഏലീയാവ് വരണം എന്നു മലാഖി പ്രവചിച്ചിരുന്നു (മലാ. 4:5,6). അതിനു കർത്താവ്, ഏലീയാവ് യോഹന്നാൻ സ്നാപകന്റെ മുൻസാദൃശ്യം ആകുന്നു എന്നു മറുപടി പറഞ്ഞു. യോഹന്നാന്റെ ശുശ്രൂഷ ആത്മികാർത്ഥത്തിൽ ഏലീയാവിന്റെ ശുശ്രൂഷയാകുന്നു. ശിഷ്യന്മാർ അതു ഗ്രഹിച്ചിരുന്നു (മത്താ. 17:13). ദുരാത്മാവുള്ള ഊമനായ മകനെ സൗഖ്യമാക്കുവാൻ ശിഷ്യന്മാർക്കു കഴിഞ്ഞില്ല. ബാലന്റെ പിതാവ് സ്വന്ത അവിശ്വാസം സമ്മതിക്കുകയും കർത്താവ് അവന്റെ വിശ്വാസം വർദ്ധിപ്പിക്കണം എന്നപേക്ഷിക്കുകയും ചെയ്തു. യേശു അശുദ്ധാത്മാവിനെ ശാസിച്ച് ബാലനെ സൗഖ്യമാക്കി. പ്രാർത്ഥനയും ദൈവവചനധ്യാനവും ഫലകരമായ ആത്മീയശുശ്രൂഷകൾക്ക് ആവശ്യമാകുന്നു.

### സേവനത്തിന്റെ പ്രാധാന്യം (9:30-50)

യേശു തന്റെ ക്രൂശുമരണത്തെക്കുറിച്ചു ശിഷ്യന്മാരോട് പറഞ്ഞു. അവർ അതു ഗ്രഹിച്ചില്ല. അവർ 'നമ്മിൽ ആർ വലിയവൻ' എന്നു വാദിക്കുന്നവർ ആയിരുന്നു. യേശു അവരോട് അന്യോന്യം ശുശ്രൂഷിക്കുന്നതിനെക്കുറിച്ച് ഉപദേശിച്ചു. താഴ്മ ഉള്ളവർ ഉയർത്തപ്പെടും എന്നുള്ള സത്യം അവരെ ഓർപ്പിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും അവനെ ശുശ്രൂഷിക്കുന്നവർ ആകണം. അവരോടു വിരോധമനോഭാവം ഉണ്ടാകരുത്. ദൈവമക്കൾ അന്യോന്യം സമാധാനം ഉള്ളവർ ആയിരിക്കണം. 'ഈ ചെറിയവർ', കർത്താവിനെ ശുശ്രൂഷിക്കുന്ന ഏവരെയും കാണിക്കുന്നു. ദൈവമക്കൾ ഭൂമിയുടെ ഉപ്പാകുന്നു. നാം അന്യോന്യം പകയ്ക്കുന്നവർ ആയാൽ നമ്മുടെ സാക്ഷ്യം നഷ്ടപ്പെടും. ഉപ്പ് കാരമില്ലാതെ പോകും. അതുകൊണ്ടു ക്രിസ്തുവിന് സമർപ്പിക്കപ്പെട്ട ജീവിതം നാം കഴിക്കണം. ദൈവവചനം അനുസരിക്കുന്നവർ ശക്തിയും സന്തോഷവും ഉള്ളവർ ആകും. സേവനം ക്രിസ്തുവിനോടുകൂടെ വാഴുവാൻ നമ്മെ യോഗ്യരാക്കും.

## അദ്ധ്യായം 10

പത്തു മുതൽ പതിമൂന്നു വരെയുള്ള അദ്ധ്യായങ്ങളിൽ യേശുവിന്റെ പരസ്യശുശ്രൂഷയുടെ അവസാനഘട്ടം കാണാം. കർത്താവ് അവസാനമായി യോർദ്ദാൻ കടന്ന് യെഹൂദ്യദേശത്തേക്ക് പ്രവേശിക്കുന്നു. അപ്പോൾ പരീശന്മാർ വിവാഹമോചനത്തെക്കുറിച്ചു ചോദിച്ചു. തുടർന്നു കർത്താവു ശിശു ക്കളെ അനുഗ്രഹിച്ചു. ധനത്തിന്റെ അപകടം ചൂണ്ടിക്കാണിച്ചു. തുടർന്നു ബർത്തിമായി എന്ന കുരുടന് കാഴ്ച നൽകി. കൂടുതൽ വിശദീകരണത്തിനു മത്തായി 19:1-30 വരെയുള്ള ഭാഗം വായിക്കുക. ഈ സന്ദർഭത്തിലും യേശു അവന്റെ മരണത്തെക്കുറിച്ചു മുന്നറിയിപ്പു നൽകി. യാക്കോബും യോഹന്നാനും കർത്താവിന്റെ വലത്തും ഇടത്തും ഇരിക്കുവാൻ അനുവാദം ചോദിച്ചു. അവർ ബഹുമാനം ആഗ്രഹിച്ചു. സ്വാർത്ഥതാൽപര്യങ്ങൾക്കായുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. പ്രതിഫലം വിശ്വസ്തസേവനങ്ങൾക്കായുള്ളതാണ്. ക്രിസ്തുവിന്റെ മാതൃക അനുകരിക്കുമ്പോൾ മഹത്വമുള്ളവർ ആകും. മാനവും അധികാരവും ആഗ്രഹിക്കുന്നതു പല പ്രശ്നങ്ങൾക്കും കാരണമായി തീരാവുന്നതാണ്. ബർത്തിമായിയെക്കുറിച്ച് അറിയുവാൻ മത്തായി 20:29-34നുള്ള വിശദീകരണം വായിക്കുക.

മർക്കൊസിന്റെ സുവിശേഷത്തിലെ താക്കോൽ വാക്യം "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രെ വന്നത്" (10:45) എന്നതാണ്. യേശുവിനെ ദാസനായിട്ടു പ്രവാചകൻ ചിത്രീകരിച്ചിട്ടുണ്ട് (യെശ. 42:1). അവന്റെ ജീവിതം ത്യാഗപൂർണ്ണമായ സേവനത്തിന്റെ മാതൃക നല്കുന്നു. നന്മ ചെയ്യുവാൻ അയയ്ക്കപ്പെട്ടവനായി പത്രൊസ് ക്രിസ്തുവിനെക്കുറിച്ചു സാക്ഷിച്ചു (പ്രവൃ. 10:38). അവന്റെ കാൽച്ചുവടുകൾ പിന്തുടരുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു (1 പത്രൊ. 2:21). ഈ ബന്ധത്തിൽ ഏതാനും സത്യങ്ങൾ മർക്കൊസിന്റെ സുവിശേഷത്തിൽനിന്നും ശ്രദ്ധിക്കാം.

1. യേശു ത്യാഗപൂർണ്ണമായ സേവനത്തിൽ ബദ്ധശ്രദ്ധനായിരുന്നു. ഉടനെ എന്ന പ്രയോഗം നാൽപ്പതോളം പ്രാവശ്യം കാണാം. 1:12,13,32,35,38.
2. ദാസൻ സ്ഥാനമാനങ്ങൾ ആഗ്രഹിക്കുന്നില്ല. 1:44.
3. ദാസൻ ദൈവാശ്രയം ഉള്ളവനാണ്, പ്രാർത്ഥിക്കുന്നവനാണ്. 6:46.
4. പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വരും. 1:13.
5. വിശ്രമരഹിതനായി സേവനം ചെയ്യേണ്ടി വരും. 5:23.
6. കഠിനവേല ചെയ്യേണ്ടി വരും. 9:17-19.
7. ദാസൻ ശത്രുക്കളുടെ പരീക്ഷയ്ക്കു വിധേയനാകും. 10:2.
8. ദാസൻ വിശ്രമം ആവശ്യമുള്ളവനാണ്. 6:31.
9. മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ചു ഭാരമുള്ളവനായിരിക്കും. മനസ്സലിവുള്ളവൻ ആയിരിക്കണം. 6:34-42.
10. ദാസൻ ചോദ്യം ചെയ്യാതെ അനുസരിക്കുന്നവൻ ആയിരിക്കണം. 11:1-7.
11. ദാസൻ സേവനത്തിനു സദാ സന്നദ്ധൻ ആയിരിക്കണം. 13:33.
12. യജമാനന്റെ വരവിനായി നോക്കി പാർക്കുന്നവൻ ആയിരിക്കണം. 13:36,37.
13. ദാസൻ പരാജയപ്പെട്ടുവെന്നും വരാം. എന്നാൽ കർത്താവ് അവനെ യഥാസ്ഥാനപ്പെടുത്തും. 14:27-31; യോഹ. 21; പ്രവൃ. 15:37-39; 2 തിമൊ. 4:11.
14. സ്ത്രീകളും പുരുഷന്മാരും ദാസീദാസന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നു. 15:41.
15. കർത്താവിന്റെ സാന്നിദ്ധ്യവും സഹായവും ദാസനു വാഗ്ദത്തം ചെയ്തിരിക്കുന്നു. 16:20.
16. ദാസൻ എപ്പോഴും യജമാനനെ പ്രസാദിപ്പിക്കുന്നവൻ ആയിരിക്കണം. 1:11.

ഈ നല്ല മാതൃക പിൻചെല്ലുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

## അദ്ധ്യായം 11

യേശുവിന്റെ യെരൂശലേമിലേക്കുള്ള പ്രവേശനം ഇവിടെ വിശദീകരിച്ചിരിക്കുന്നു. അതു രാജാവിന്റെ പ്രവേശനം ആയിരുന്നു. അന്നു രാജാക്കന്മാർ കഴുതക്കുട്ടിയുടെ മേൽ കയറി എഴുന്നള്ളുന്ന സമ്പ്രദായം ഉണ്ടായിരുന്നു. താൻ മശിഹയാകുന്നു എന്നു തെളിയിക്കാനാണ് കർത്താവ് അത് ചെയ്തത്. അത് ഒരു പ്രവചനനിവൃത്തിയായിരുന്നു (സെഖ. 9:9). താൻ കയറുവാനുള്ള കഴുതക്കുട്ടിയെക്കുറിച്ചു കർത്താവ് അറിവുള്ളവനായിരുന്നു. ജനം കർത്താവിനു ഹോശന്നാ പാടി. ഇവിടെ ജനത്തിന്റെ ആദരവും കാണാം. എന്നാൽ മതനേതാക്കൾ ക്രിസ്തുവിനെ വെറുത്തു. തുടർന്നു കർത്താവു ദേവാലയം ശുദ്ധീകരിച്ചു. ഇന്നു ദൈവമക്കളുടെ സമൂഹമായ സഭയാണ് ദൈവമന്ദിരം. അവിടെ സർവ്വവും വിശുദ്ധമായിരിക്കണം. കർത്താവു ഫലം തരാത്ത അത്തിയെ ശപിച്ചു. ആത്മീയ ഫലം തരാത്ത കപടഭക്തരായ മതനേതാക്കളുടെ മേൽ ഉണ്ടാകുവാൻ പോകുന്ന ന്യായവിധിയെ ഇതു കാണിക്കുന്നു. ഒടുവിലായി കർത്താവിന്റെ അധികാരത്തെ ചോദ്യം ചെയ്യുന്ന മതനേതാക്കന്മാരെക്കുറിച്ചു കാണാം. അവർ ദ്രവ്യാഗ്രഹികളായിരുന്ന കപടഭക്തർ ആയിരുന്നു. അവരുടെ വചനപരമായ ഉത്തരങ്ങൾക്കു ക്രിസ്തു നൽകുന്ന മറുപടി ശ്രദ്ധേയമത്രെ (11:33). കൂടുതൽ അറിയുവാൻ മത്തായി 21-ാം അദ്ധ്യായ വിവരണം വായിക്കുക.

## അദ്ധ്യായം 12

യേശു ഉപമകളിൽക്കൂടെ ആത്മിക സത്യങ്ങൾ വിശദീകരിച്ചു. മുന്തിരിത്തോട്ടത്തെ പറ്റിയുള്ള ഉപമ ഇവിടെ കാണാം. ദൈവമാണ് തോട്ടത്തിന്റെ ഉടമ. തോട്ടം പദവികളുടെ ചിത്രമാണ്. വേലി കെട്ടി ചക്കും കുഴിച്ചു നാട്ടി ഗോപുരവും പണിത് കുടിയാന്മാരെ ഏല്പിച്ചു എന്നു കാണുന്നു. യിസ്രായേൽ ജാതിക്കു ന്യായപ്രമാണവും വാഗ്ദത്തങ്ങളും നൽകി ദൈവം അവരെ അനുഗ്രഹിച്ചു എന്നുള്ള സത്യം ഇത് കാണിക്കുന്നു. എന്നാൽ അവർ ദൈവത്തിന്റെ ദാസന്മാരെ കൊന്നു. ഒടുവിലായി സ്വന്തപുത്രനെയും കൊന്നു. അതുകൊണ്ട് അവർക്കു നൽകിയ പദവികൾ നഷ്ടപ്പെടും. അതു ജാതികൾക്കു നൽകും എന്നുള്ളതാണ് ഈ ഉപമയിലെ സന്ദേശം. യെഹൂദമതനേതാക്കൾക്ക് ഈ സന്ദേശം മനസ്സിലായി. അവർ യേശുവിനെ കൊല്ലുവാൻ തക്കം പാർത്തിരുന്നു. തുടർന്നു കരംകൊടുക്കുന്നതു സംബന്ധിച്ചു ചോദിച്ചു. കർത്താവിനെ വാക്കിൽ കുടുക്കുവാനാണ് അവർ ശ്രമിച്ചത്. കർത്താവു തന്നെ പരീക്ഷിക്കുന്നതിനെ ശാസിച്ചു. ദൈവത്തോടും മനുഷ്യനോടുമുള്ള നമ്മുടെ ഉത്തരവാദിത്വം ഇവിടെ കർത്താവു വ്യക്തമാക്കി. കരംകൊടുക്കുന്നതിനെ ബൈബിൾ വിലക്കുന്നില്ല (റോമ. 13:1-7).

പുനരുത്ഥാനം ഇല്ല അഥവാ മരണാനന്തരജീവിതം ഇല്ല എന്നു വിശ്വസിക്കുന്നവരായിരുന്നു സദൂക്യർ. അവർ ദൈവവചനവും ദൈവശക്തിയും നിഷേധിച്ചിരുന്നു. അപ്പോൾ തന്നെ മതപണ്ഡിതന്മാർ എന്നു സ്വയം അഭിമാനിച്ചു. അവരുടെ കുടുക്കുചോദ്യത്തിനു ക്രിസ്തു നൽകിയ മറുപടി ശ്രദ്ധേയമത്രെ. നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്ക കൊണ്ടു തെറ്റിപ്പോകുന്നു. ക്രിസ്തുവിന്റെ മറുപടി അവരെ നിശബ്ദരാക്കി.

പിന്നെ കർത്താവിനെ സമീപിച്ചത് ഒരു ശാസ്ത്രിയാണ്. അവൻ കർത്താവിനോട് മുഖ്യകൽപ്പന എന്ത് എന്നു ചോദിച്ചു. 'ദൈവത്തെ പൂർണ്ണഹൃദയത്തോടും മനസ്സോടും ശക്തിയോടും കൂടെ സ്നേഹിക്കണം. കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു' എന്നു മറുപടി പറഞ്ഞു (മത്താ. 22:40). ദൈവത്തോടുള്ള നമ്മുടെ സ്നേഹം അവനെ സേവിക്കുവാൻ നമ്മെ നിർബന്ധിക്കണം. അതിനുശേഷം ആരും ഒന്നും യേശുവിനോട് ചോദിക്കുവാൻ തുനിഞ്ഞില്ല. ക്രിസ്തുവിനെ നാം തുടർന്നു കാണുന്നതു ദൈവാലയത്തിൽ ഉപദേശിക്കുന്നതായിട്ടാണ്. ക്രിസ്തു ദാവീദിന്റെ പുത്രൻ എന്നു യെഹൂദന്മാർ വിശ്വസിച്ചിരുന്നു. സങ്കീർത്തനം 110:1 ഉദ്ധരിച്ചുകൊണ്ടു പിന്നെ എങ്ങനെ ദാവീദ് ക്രിസ്തുവിനെ കർത്താവ് എന്നു പറയുന്നു, ക്രിസ്തു ചോദിച്ചു. യേശുവിന്റെ ദൈവത്വം അവനെ ദാവീദിന്റെ കർത്താവും, മനു ഷ്യത്വം പുത്രനും ആക്കുന്നു എന്നുള്ള സത്യം അവർ ഗ്രഹിച്ചില്ല. മതനേതാക്കളുടെ കപടഭക്തിയെ കർത്താവു ശാസിച്ചു. അവർ സ്ഥാനമോഹികളും ദ്രവ്യാഗ്രഹികളും ആയിരുന്നു. അവർ അനേകർക്ക് ഇടർച്ചയായിത്തീരുന്നു. അവരെ സൂക്ഷിക്കണം എന്നുള്ള മുന്നറിയിപ്പും ഇവിടെ കാണാം. കർത്താവിനോടുള്ള നമ്മുടെ സ്നേഹത്തെ വ്യക്തമാക്കുവാൻ വിധവയുടെ രണ്ടു കാശിന്റെ കാര്യം സൂചിപ്പിച്ചിരിക്കുന്നു. അവൾ വിധവയാണ്, ദരിദ്രയാണ്. ആകെ അവളുടെ സമ്പാദ്യം രണ്ടു കാശായിരുന്നു. എല്ലാവരും അവ രുടെ സമൃദ്ധിയിൽനിന്നും ഇട്ടു. വിധവ തന്റെ ഉപജീവനം മുഴുവൻ ഇടുവാൻ അത്രയ്ക്കു ദൈവത്തോട് സ്നേഹമുള്ളവൾ ആയിരുന്നു. കർത്താവു നമ്മുടെ സ്നേഹവും ത്യാഗവും അറിഞ്ഞു പ്രതിഫലം നൽകുന്നവനാണ്.

## അദ്ധ്യായം 13

### ഒലിവുമല പ്രഭാഷണം (13:1-27)

ദൈവാലയം നശിപ്പിക്കപ്പെടും എന്നു കർത്താവു ശിഷ്യന്മാരോട് പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഈ മനോഹരമായ ദൈവാലയം എപ്പോൾ നശിപ്പിക്കപ്പെടുമെന്ന് ചോദിച്ചത്. അതിനു മറുപടിയായി ആ കാലത്തിന്റെ ചില ലക്ഷണങ്ങൾ പറഞ്ഞു. എ.ഡി. 70 ൽ ദൈവാലയം നശിപ്പിക്കപ്പെട്ടു. എന്നാൽ ഭാവികാലത്തു സംഭവിക്കാൻ പോകുന്ന നാശത്തെക്കുറിച്ച് കർത്താവു പ്രവചിക്കുകയായിരുന്നു. അനേക കള്ളക്രിസ്തുക്കൾ വന്ന് അനേകരെ വഞ്ചിക്കും. യുദ്ധങ്ങളെക്കുറിച്ചുള്ള ശ്രുതിയുണ്ടാകും. ജാതി ജാതിയോടും രാജ്യം രാജ്യത്തോടും എതിർക്കും. ഭൂകമ്പവും ക്ഷാമവും ഉണ്ടാകും. സുവിശേഷം ലോകവ്യാപകമായി പ്രസംഗിക്കപ്പെടും. വിശ്വാസികൾ ഉപദ്രവിക്കപ്പെടും. കുടുംബങ്ങളുടെ ഭദ്രതയില്ലാതാകും. ദൈവമക്കൾ എല്ലാവരാലും പകയ്ക്കപ്പെടും. എങ്കിലും യഥാർത്ഥ വിശ്വാസികൾ ഇതിനെയൊക്കെയും അതിജീവിക്കും. ഈ കാലത്തെ മഹോപദ്രവകാലം എന്നു വിളിക്കപ്പെടുന്നു. യെഹൂദന്മാരുടെ ദൈവാലയം പലവട്ടം അശുദ്ധമാക്കപ്പെട്ടിട്ടുണ്ട്. ഭാവിയിൽ കർത്താവിന്റെ വരവിനു മുമ്പായി അതു പിന്നെയും സംഭവിക്കും (2 തെസ്സ. 2:1-8). അന്നു കള്ളക്രിസ്തുക്കളും കള്ളപ്രവാചകന്മാരും അത്ഭുതങ്ങളും അടയാളങ്ങളും കാണിച്ചു വൃതന്മാരെ പോലും തെറ്റിക്കുവാൻ ശ്രമിക്കും. അപ്പോൾ കർത്താവു വലിയ ശക്തിയോടും തേജസ്സോടും കൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും.

### അത്തിമരത്തിന്റെ ഉപമ (13:28-37)

തളിർത്ത അത്തി യിസ്രായേലിനെ കാണിക്കുന്നു. 1948 ൽ യിസ്രായേൽ ഒരു രാഷ്ട്രമായിത്തീർന്നു. അതു തളിർത്തുകൊണ്ടിരിക്കുന്നു. കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്നതിന്റെ തെളിവാണ് അത്. വിശ്വാസികൾ ക്ക് ഇത് ഒരു മുന്നറിയിപ്പാണ്. കർത്താവിന്റെ വരവിന് ഒരു തീയതി നൽകുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ കാലലക്ഷണങ്ങൾ കണ്ട് ഉണർ ന്നിരിക്കുവാൻ കർത്താവു നമ്മോടു കൽപ്പിക്കുന്നു.

## അദ്ധ്യായം 14

ക്രിസ്തുവിനെ കൊല്ലുവാൻ അവനു വിരോധമായി കൂടിയാലോചന നടത്തുന്നതായി ഇവിടെ കാണാം. ജനം യേശുവിനെ ബഹുമാനിച്ചിരുന്നു എങ്കിലും മതനേതാക്കന്മാർ അവനെ വെറുത്തു. ബേഥാന്യയിൽ കുഷ്ഠരോഗിയായ ശീമോന്റെ ഭവനത്തിൽ കർത്താവ് ആദരിക്കപ്പെട്ടു. അവിടെ യേശുവിനെ തൈലം പൂശുന്നതായിക്കാണാം. യൂദാ ഇസ്കര്യോത്താ കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചു. കർത്താവു ശിഷ്യന്മാർക്കു തിരുവത്താഴം സ്ഥാപിച്ചു. തുടർന്ന്, ഒരു ബലഹീന നിമിഷത്തിൽ പത്രൊസ് കർത്താവിനെ തള്ളിപ്പറയുമെന്ന് മുന്നറിയിപ്പു നൽകി. ഗെത്ത്ശെമനയിൽ യേശു അതിദുഃഖിതനായി പ്രാർത്ഥിക്കുന്നു. ശിഷ്യന്മാരുടെ മനുഷ്യസഹജമായ ബലഹീനത കണ്ടു കർത്താവു മനസ്സലിഞ്ഞു. ശിഷ്യന്മാർ എല്ലാവരും യേശുവിനെ വിട്ട് ഓടിപ്പോയി. ഒറ്റിക്കൊടുക്കപ്പെട്ട കർത്താവു സന്നിദ്രിം സംഘത്തിന്റെ മുമ്പാകെ നിൽക്കുന്നു. കള്ളസ്സാക്ഷികളുടെ സാക്ഷ്യം ഒത്തുവന്നില്ല. കർത്താവു തന്റെ ദൈവത്വം തറപ്പിച്ചു പ്രസ്താവിക്കുന്നു. പത്രൊസ് കർത്താവിനെ തള്ളിപ്പറഞ്ഞു എന്നീ വിഷയങ്ങൾ 14-ാം അദ്ധ്യായത്തിൽ കാണാവുന്നതാണ്. മത്തായിയുടെ സുവിശേഷം 26-ാം അദ്ധ്യായത്തിനുള്ള വിശദീകരണം കൂടുതൽ സത്യങ്ങൾ അറിയുവാൻ വായിക്കുക.

## അദ്ധ്യായം 15

യേശുവിനെ യെഹൂദക്കോടതി മരണശിക്ഷയ്ക്കു വിധിച്ചു. എന്നാൽ അതു നടപ്പാക്കുവാൻ അവർക്ക് അധികാരമില്ലായിരുന്നു. അതുകൊണ്ടു റോമൻ ഗവർണ്ണറായിരുന്ന പീലാത്തൊസിനെ സമീപിച്ചു. യെഹൂദന്മാർ യേശുവിൽ രാജദ്രോഹക്കുറ്റം ചുമത്തി (ലൂക്കൊ. 23:2). അതുകൊണ്ടാണ് “നീ യെഹൂദന്മാരുടെ രാജാവോ” എന്നു ചോദിച്ചത്. “ഞാൻ ആകുന്നു” എന്നവൻ ഉത്തരം പറഞ്ഞു. യേശുവിന്റെ പ്രതികരണം കണ്ട പീലാത്തൊസ് ആശ്ചര്യപ്പെട്ടു. എങ്ങനെയെങ്കിലും അവനെ രക്ഷിക്കുവാൻ പീലാത്തൊസ് ആഗ്രഹിച്ചു. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. യേശു മരിക്കേണ്ടതു മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്ക് ആവശ്യമായിരുന്നു. കലഹക്കാരനും കൊലപാതകിയുമായ ബറബ്ബാസിനെ ആവശ്യപ്പെട്ടുകൊണ്ടു യേശുവിനെ ക്രൂശിക്കുവാൻ അവർ ഏല്പിച്ചുകൊടുത്തു. മതനേതാക്കൾക്ക് എപ്രകാരം ജനത്തെ വശീകരിക്കുവാൻ കഴിയും എന്നുള്ളതിന് ഇതു ദൃഷ്ടാന്തമാകുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പ് ജനം യേശുവിനു ഹോശന്നാ പാടിയതാ ണല്ലോ.

### യേശുവിന്റെ ക്രൂശീകരണം (15:15-47)

യേശുവിനെ ക്രൂശിക്കുവാൻ ഭീരുവായ പീലാത്തൊസ് ഏല്പിച്ചുകൊടുത്തു. യെഹൂദന്മാരെ പ്രസാദിപ്പിക്കുവാനാണ് അങ്ങനെ ചെയ്തത്. ക്രൂശുമരണം വിപ്ലവകാരികളായ അടിമകൾക്കാണ് റോമാ ഗവൺമെന്റ് വിധിച്ചിരുന്നത്. യേശുവിനെ ചമ്മട്ടികൊണ്ട് അടിപ്പിച്ച ശേഷമാണ് ക്രൂശിക്കുവാൻ ഏല്പിച്ചത്. പടയാളികൾ അവനെ മൃഗീയമായി പീഡിപ്പിച്ചു. അവൻ പരി ഹസിക്കപ്പെട്ടു. അവന്റെ മുഖത്തു തുപ്പി. രക്താംബരം ധരിപ്പിച്ച്, മുൾക്കിരീടം തലയിൽ വച്ചു കോലുകൊണ്ടടിച്ചു. യേശു ദൈവപുത്രനായിട്ടും ഇതൊക്കെയും സഹിച്ചു. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കർത്താവു കഷ്ടം അനുഭവിച്ചു. ആ നല്ല മാതൃക അനുകരിക്കുവാൻ നിയോഗം ലഭിച്ചവരാണ് ക്രിസ്തുശിഷ്യന്മാർ (1 പത്രൊ. 2:21-23).

യേശു തന്റെ കുരിശു കുറെ ദൂരം ചുമന്നു. ഗെത്ത്ശെമനയിലെ പ്രാണവേദന, ചമ്മട്ടികൊണ്ടുള്ള അടി, ശിഷ്യന്മാരുടെ ഓടിപ്പോക്ക്, ജനത്തിന്റെ പരിഹാസം, മുൾക്കിരീടം തുടങ്ങിയവ കർത്താവിനെ ബലഹീനനാക്കി. തൽഫലമായി കുറേനക്കാരനായ ശീമോനെ ക്രൂശു ചുമപ്പാൻ പടയാളികൾ നിർബന്ധിച്ചു. ശീമോൻ കർത്താവിൽ വിശ്വസിക്കുവാൻ ഇതു മുഖാന്തരമായി എന്നു കരുതാം. അവൻ തന്റെ മക്കളായ രൂഫൊസിനെയും അലക്സാണ്ടറിനെയും കർത്താവിങ്കലേക്കു നയിച്ചു (റോമ. 16:13). ഇതു നമുക്ക് അനുകരിക്കുവാൻ യോഗ്യമായ മാതൃകയാണ്. കർത്താവു രണ്ടു കള്ളന്മാരുടെ മദ്ധ്യേ ക്രൂശിക്കപ്പെട്ടു. അതൊരു പ്രവചനനിവൃത്തിയായിരുന്നു (യെശ. 53:12). കർത്താവു ക്രൂശിക്കപ്പെട്ടതു യെരൂശലേം നഗരത്തിനു പുറത്താണ് (എബ്രാ. 13:12). ക്രൂശിക്കപ്പെടുന്നവർ ആയിരം മരണം മരിക്കുന്നുവെന്നു പറയാറുണ്ട്. നമ്മുടെ കർത്താവ് അത് സ്വമനസ്സാലെ സഹിച്ചു. നിന്ദിതനും നിസ്സാരനും ആക്കപ്പെട്ട കർത്താവിൽ പ്രതിഫലിച്ച ദിവ്യസ്വഭാവം ഒരു കള്ളന്റെ ശ്രദ്ധയെ ആകർഷിച്ചു. അവനെ രക്ഷകനും രാജാവുമായി അവൻ വിശ്വസിച്ചു. മനുഷ്യന്റെ ക്രോധം യേശുവിനെ പരിഹസിക്കുവാനും പീഡിപ്പിക്കുവാനും കാരണമായി. കള്ളന്റെ മാനസാന്തരം തെളിയിക്കുന്നത് മനുഷ്യന്റെ ക്രോധം ദൈവത്തെ സ്തുതിക്കുവാൻ കാരണമായിത്തീരാം എന്നത്രെ (സങ്കീ. 76:10). ദൈവത്തെ വെല്ലുവിളിക്കുന്നവർക്കിതൊരു പാഠമായിരിക്കട്ടെ.

ആറാം മണി നേരം മുതൽ ഒൻപതാം മണി നേരം വരെ ദേശത്ത് ഇരുട്ട് ഉണ്ടായി. ഇതൊരു അത്ഭുതസംഭവമാണ്. അന്ധകാരം ന്യായവിധിയെ കാണിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ ശിക്ഷ കർത്താവു വഹിച്ച മണിക്കൂറുകളായിരുന്നു അത്. പുത്രന്റെ കഷ്ടാനുഭവങ്ങളുടെ ആഴം അന്ധകാരം വെളിപ്പെടുത്തുന്നു.

കൂടാതെ ദൈവാലയത്തിന്റെ കട്ടിയുള്ള തിരശ്ശീല മുകൾ തൊട്ട് അടിയോളം കീറിപ്പോയതായി കാണാം. മനുഷ്യനെയും ദൈവത്തെയും തമ്മിൽ വേർതിരിക്കുന്നത് ആ തിരശ്ശീലയാണ്. കർത്താവു പാപത്തിനു പരിഹാരമായി മരിച്ചപ്പോൾ അതു നീക്കപ്പെട്ടു. ഇപ്പോൾ ദൈവസന്നിധിയിൽ നമുക്കു ക്രിസ്തുവിൽക്കൂടി പ്രവേശനമുണ്ട്.

“എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്” എന്നു കർത്താവ് അത്യുച്ചത്തിൽ വിളിച്ച് പ്രാണൻ വിട്ടു. അതും ഒരു പ്രവചനനിവൃത്തിയായിരുന്നു (സങ്കീ. 22:1). റോമൻ ശതാധിപൻ ഇതൊക്കെയും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അന്ധകാരം, കല്ലറകൾ തുറന്നത്, കർത്താവിന്റെ ആശ്വസിപ്പിക്കുന്ന വാക്കുകൾ, അവന്റെ മരണവിവരം തുടങ്ങിയവ അവനെ ക്രിസ്തു നീതിമാനാണ് എന്നു സമ്മതിച്ചു ഏറ്റുപറയുവാൻ മുഖാന്തരമാക്കി. ‘ഇവൻ ദൈവപുത്രൻ’ എന്നു ശതാധിപൻ സാക്ഷിച്ചു.

ഭക്തിയുള്ള സ്ത്രീകൾ യേശുവിന്റെ ക്രൂശുമരണത്തിനു സാക്ഷികളായിരുന്നു. പുരുഷന്മാർ പരാജയപ്പെട്ട ഘട്ടങ്ങളിൽ സ്ത്രീകൾ കർത്താവിനോട് ചേർന്നുനിന്നു. ക്രിസ്തുവിശ്വാസികളിൽ സ്ത്രീകൾക്കുള്ള പങ്ക് വളരെ വലിയതാണ്.

യേശുവിന്റെ ശവസംസ്കാരം ശ്രദ്ധേയമത്രെ. ശബ്ബത്തിന് മുമ്പായി അതു നടക്കണം. ചില മണിക്കൂറുകൾ മാത്രമേ അതിനുള്ളൂ. അതിനായി ദൈവം അരിമഥ്യയിലെ യോസേഫിനെ ഒരുക്കി. നിക്കൊദേമൊസ് അവനെ സഹായിച്ചു. പെട്ടെന്നുണ്ടായ ഒരു തീരുമാനമായിരുന്നില്ല ഇത്. പുതിയ കല്ലറ, നൂറു റാത്തൽ സുഗന്ധദ്രവ്യങ്ങൾ (യോഹ. 19:39) തുടങ്ങിയവ പെട്ടെന്നു ക്രമീകരിക്കുക അസാദ്ധ്യമാണല്ലോ. ക്രിസ്തുവിൽ വിശ്വസിച്ചിരുന്ന യോസേഫും നിക്കൊദേമൊസും കർത്താവു തന്റെ മരണത്തെക്കുറിച്ചു മുൻപറഞ്ഞത് വിശ്വസിച്ചിരുന്നു. കർത്താവിനെ ബഹുമാനപുരസ്സരം സംസ്കരിക്കുവാൻ അവർക്കു മനസ്സുണ്ടായി. കർത്താവിനോടുള്ള അവരുടെ സ്നേഹം അവനുവേണ്ടി ചെലവിടാൻ അവരെ നിർബന്ധിച്ചു. ഇതും ഒരു പ്രവചന നിവൃത്തിയായിരുന്നു. നമ്മുടെ കർത്താവു മരണത്തിൽ സമ്പന്നന്മാരോടു കൂടെ ആയിരുന്നു (യെശ. 53:9).

### അദ്ധ്യായം 16

യേശുവിന്റെ പുനരുത്ഥാനം, ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്നത്, വലിയ നിയോഗം, സ്വർഗ്ഗാരോഹണം എന്നീ വിഷയങ്ങൾ ഈ അദ്ധ്യായത്തിൽ കാണാം. മരിച്ച ഒരു രക്ഷിതാവിന് ആരെയും രക്ഷിക്കുവാൻ കഴിയുന്നതല്ല. സുവിശേഷം ക്രിസ്തുവിന്റെ മരണപുനരുത്ഥാനത്തിന്റെ സന്ദേശമാകുന്നു (റോമ. 4:24). യേശു പറഞ്ഞതൊക്കെയും സത്യമാകുന്നു എന്നുള്ളതിന്റെ തെളിവാണ് അവന്റെ പുനരുത്ഥാനം. അവൻ ദൈവപുത്രൻ ആണ് (റോമ. 1:5). ശിഷ്യന്മാർ ക്രിസ്തു ഉയിർത്തെഴുന്നേൽക്കും എന്നു വിശ്വസിച്ചിരുന്നില്ല.

സ്ത്രീകളാണ് അതിരാവിലെ ഇരുട്ടുള്ളപ്പോൾ കല്ലറയ്ക്കൽ ചെന്നത്. അവർ കല്ലറയ്ക്കലുള്ള കല്ല് നീങ്ങിയിരിക്കുന്നതു കണ്ട് അതിശയിച്ചു. ദൂതൻ സ്ത്രീകളോട്, ശിഷ്യന്മാർ ഗലീലയ്ക്കു പോകണം എന്നറിയിക്കുവാൻ കല്പിച്ചു. അവർ ഭയപ്പെട്ടതിനാൽ ആരോടും ഒന്നും പറഞ്ഞില്ല. എന്നാൽ മഗ്ദലക്കാരത്തി മറിയയ്ക്കു കർത്താവു പ്രത്യക്ഷനായി. ആ ദിവ്യദർശനം അവളെ കർത്താവിനെക്കുറിച്ചു മറ്റുള്ളവരോട് പറയുന്നവളാക്കി. ശിഷ്യന്മാർ അത് വിശ്വസിച്ചില്ല. അവർക്കു കർത്താവു പ്രത്യക്ഷപ്പെട്ടു. അവരുടെ അവിശ്വാസത്തെ കർത്താവു ശാസിച്ചു. തുടർന്ന് അവർക്കു ക്രിസ്തുവിന്റെ സാക്ഷികൾ ആകുവാനുള്ള വലിയ നിയോഗം നൽകി. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ രക്ഷിക്കപ്പെടും എന്നുള്ളതാണ് സുവിശേഷം. അങ്ങനെ രക്ഷിക്കപ്പെട്ടവർ കർത്താവിനെ സ്നാനത്തിൽക്കൂടെ സാക്ഷിക്കും എന്ന് ആദ്യനൂറ്റാണ്ടിലെ സഭ വിശ്വസിച്ചിരുന്നു (പ്രവൃ. 2:41; 10:41-48). അപ്പൊസ്തലന്മാർ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്യുവാൻ അധികാരം ലഭിച്ചവരായിരുന്നു. അവർ പ്രസംഗിച്ച ക്രിസ്തു ദൈവപുത്രൻ ആകുന്നു എന്നും അവന്റെ സുവിശേഷത്തിനു മാത്രമേ പാപികളെ രക്ഷിക്കുവാൻ കഴിയൂ എന്നുമുള്ളതിന്റെ തെളിവായിരുന്നു ഈ അടയാളങ്ങൾ. ഇന്ന് സാർവത്രികമായി അടയാളങ്ങളും അത്ഭുതങ്ങളും നടക്കുന്നില്ല. ഒരു പാപി രക്ഷിക്കപ്പെട്ടു ദൈവമകനാകുന്നു എന്നുള്ളതാണ് ഏറ്റവും വലിയ അത്ഭുതം.

ക്രിസ്തു ശിഷ്യന്മാർക്ക് വലിയ നിയോഗം നൽകിയ ശേഷം സ്വർഗ്ഗാരോഹണം ചെയ്തു. യേശു പാപികളുടെ രക്ഷിതാവാണ്. അവന്റെ മരണപുനരുത്ഥാനം രക്ഷ സാദ്ധ്യമാക്കി. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് ഇന്നും നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനാണ്. അവൻ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. പിതാവിന്റെ സന്നിധിയിൽ അവൻ നമ്മുടെ കാര്യസ്ഥനാണ്. നമ്മോടു സഹതാപം കാണിപ്പാൻ അവൻ മനസ്സും ശക്തിയും ഉള്ളവനാകുന്നു. നമ്മെ യഥാസ്ഥാനപ്പെടുത്തി തനിക്കു പ്രസാദമുള്ളതു നിവർത്തിപ്പാൻ, ദിവ്യശക്തി നൽകുവാൻ അവൻ ജീവിക്കുന്നു (എബ്രാ. 13:20,21). ഈ ക്രിസ്തുവിനെ സ്വന്തരക്ഷിതാവും കർത്താവുമായി സ്വീകരിക്കുന്നതു മഹാഭാഗ്യമാകുന്നു. അതിന് എന്റെ പ്രിയ വായനക്കാരെ സർവ്വേശ്വരൻ സഹായിക്കട്ടെ.

***